REGD. No. M. 4374.

Annual Subscription Rs. 5/-

മാപ്പിള റവ്യൂ

The MAPPILLA REVIEW

VOL 4 | APRIL 1945 | No. 12



Printed by F. A. KRISHNAN at the Empire Press, Calicut, Edited & Published by K. ABUBUCKER.

ജീവിതം മധുരം
അതിലും മധുരമാണ്
ലോധ്ര.

അതാണ് ഇവർക്ക്
സമ്പൂർണ്ണാരോഗ്യം
നൽകി
ഞങ്ങളുടെ ജീവിതം
സന്തോഷ
സന്ദായകമാക്കിയത്.

കേസരികുടീരം ലിമിററഡ്, മദിരാശി.

മലബാർ, കൊച്ചി, തിരുവിതാംകൂർ, തെക്കൻ കർണ്ണാടകം
മുതലായ ദിക്കുകളിലേക്കു ഏജണ്ടുമാർ :—
കൊച്ചിൻ മെഡിക്കൽ സ്റ്റോർസ്, തൃശ്ശിവപേരൂർ.

The Standard Furniture Co., Ltd.,
KALLAI, MALABAR.

Manufacturers of
HOUSEHOLD
and
OFFICE FURNITURE

Branches :
MADRAS— 34/35 General Patters Road, Mount Road.
TRICHINOPOLY-Promenade Road, Cantt.
COIMBATORE— Avanasi Road.
BANGALORE— Kempegowda Road, Bangalore City.



CHANK BRAND
CHAN
CHAN
CHAN
CHAN
CHAN
CHANK BRAND
ശംഖ്മാക്ക്
കൈത്തറി ലുങ്കികൾ, കൈ
ലേസുകൾ മതലായവ മാട്ട
വവും, ധരിപ്പാൻ സുഖവും,
ഭംഗിയിൽ നിമ്മിതവുമാണ്.
MOHAMED ABOOBACKER & CO.
YARN & HAND LOOM PRODUCTS MERCHANTS
PHONE. 4477-'GRAMS "KYLEKING"
95. THAMBU CHETTY ST.-G.T.MADRAS.
Telephone: No. B. B. 2987
Telegrams: "CHANKLUNGI"
65/11-12, Lower Chitpur Road, CALCUTTA
&
Telegrams: "CHANKMARK'
DOOR No, 84.
East Veli Street, MADURA.
മുഹമ്മദ് അബൂബെക്കർ & കമ്പനി.
84 ഈസ്റ്റ് വെളിസ്ട്രീറ്റ്, മധുര.

Contents

		Page
1.	Islamic Sociology II—V. Abdul Qayyoom	1
2.	An American Daily	3
3.	The biggest and greatest—Lokavaloki	6
4.	The future of Arab Countries—Verghese Kalathil, M. A.	8
5.	Pardon (Short Story)—M. R. U. Krishna Rao	11
6.	With the Saree on (A Humorous skit)—Ambi	16
7.	War—a boon to Indian youth—O. M. Nambiar	17
8.	Truman—The American President	19
	Children's Column	
9.	Sympathy for the poor—pen	21
10.	Notes	23

For The Manufacturers

Consult for ALL KINDS OF REPRESENTATIONS

THE

HINDUSTAN AGENCIES

Manufacturer's Representatives

TELLICHERRY.

The South India Corporation (Madras) Ltd.,
CALICUT H. O. Chettinad.

1. **കമേർസിയൽ എമ്പോറിയം മിഠായിത്തെരുവ്, കോഴിക്കോട്:—**

കൈത്തറിയിലും മില്ലുകളിലും ഉണ്ടാക്കുന്ന എല്ലാതരം ശീലത്തരങ്ങളും സിൽക്കസാരികളും ഗവർമ്മെണ്ടു നിശ്ചയിച്ച വിലക്കു ഇവിടെ ചില്ലറയായി വിററുവരുന്നു. വലിയങ്ങാടിയിൽ ഞങ്ങളുടെ ഇരിമ്പുഷാപ്പിന്റെ മുകളിൽ ശീലത്തരങ്ങൾ മൊത്തമായും വിൽപ്പന നടത്തുന്നു.

2. **പ്രൊഡ്യൂസ്സ് ഡിപ്പാർട്ടുമെൻറ്, വലിയങ്ങാടി, കോഴിക്കോട്:—**

അരി, പഞ്ചസാര, മററു ധാന്യങ്ങൾ മുതലായവ മൊത്തമായി വ്യാപാരം നടത്തുന്നു.

3. **ഹാർഡ്‌വെയർ & എലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറ്, വലിയങ്ങാടി, കോഴിക്കോട്:—**

ഇവിടെ സൈക്കിൾ സ്പെയർ പാർട്ടുകൾ, എലക്ട്രിക്ക് സാമഗ്രികൾ, കെട്ടിടങ്ങൾക്കാവശ്യമുള്ളതായ ഇരിമ്പ്, പിച്ചള, പെയിൻറ്, പോളിഷ് മുതലായവ വിൽക്കപ്പെടുന്നു.

4. **മലബാർ ടിമ്പർ സ്റ്റോർസ് കല്ലായി:—**

എല്ലാതരം മരത്തരങ്ങളും ഉരുപ്പടിയായും പണിത്തരമായും ഇവിടെ കച്ചവടം നടത്തുന്നു.

5. ബോംബെ, വസീർ എനാമൽ വർക്ക്സ്കാരുടെ താക്കോൽമാർക്ക എനാമൽ പ്ലെയിററു മുതലായവയും ആസ്പത്രികൾക്കാവശ്യമായ എല്ലാവിധ എനാമൽ സാമാനങ്ങളും, തങ്കക്കട, തങ്കക്കൊക്ക് എന്നീ മാർക്ക തീപ്പെട്ടികളും മലബാർ ഡിസ്ത്രിക്ടിന്ന് ഞങ്ങൾ ഏജൻസി എടുത്ത് സപ്ലൈ ചെയ്യുന്നുണ്ട്.

മേൽ വിവരിച്ച എല്ലാവിധ സാമാനങ്ങളും ഗവർമ്മെണ്ട് നിജപ്പെടുത്തിയ വിലക്ക് വിൽക്കപ്പെടുന്നതാണ്.

സൌത്ത് ഇന്ത്യാ കൊർപ്പൊറേഷൻ (മദിരാശി) ലിമിററഡ്, കോഴിക്കോട്.

ഇന്നു

എല്ലാവരും സമ്മതിക്കുന്നു, ജാതി മത തൊഴിൽ ഭേദമില്ലാതെ സകലർക്കും അത്യാവശ്യമാണ് ഇൻഷൂറൻസ് എന്ന്.

അധികവിവരങ്ങൾക്കാവശ്യപ്പെടുക:—

കോച്ചിക്കാർ ബ്രദേർസ്, ലിമിററഡ്,

ദക്ഷിണേന്ത്യക്കുള്ള പ്രധാന ഏജൻറ്മാർ,

ദി ബോംബെ ലൈഫ് അഷ്വറൻസ് കമ്പനി, ലിമിററഡ്.,

പുതിയറ, കോഴിക്കോട്.

(ദക്ഷിണേന്ത്യയിൽ മുഴുക്കെ ബ്രാഞ്ചുകളും ഏജൻസികളും ഉണ്ട്.)

Use "CROWN BRAND" TILES

Managing Proprietor:—
P. K. NAIR.

REGD

TRADE MARK

Estd. 1920.

Tele { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot &
Branch Office at
Wolfendhol
Street, Colombo

14" Gauge



Perfect Model

Best quality "Crown" brand roofings and other tiles

Strong, light & non-porous.

Largely used throughout
INDIA, BURMA, CEYLON & F. M. S.

Manufactured by:—

The Malabar Tile Works,
FEROKE, S. Malabar.

"CROWN BRAND" Underwears for You!

WHETHER WAR OR NO WAR

We are always at your Service

Insist on CROWN BRAND and CROWN BRAND alone

CHEAP AND DURABLE

BEST BY EVERY TEST

Manufactured by:—

MALABAR & PIONEER HOSIERY, LTD.

CHALAPURAM P. O., CALICUT.

SPORTS SHIRTS ARE OUR SPECIALITIES.

മാപ്പിള റിവ്യൂ

പുസ്തകം 4. | 1945 ഏപ്രിൽ | ലക്കം 12.

ഇസ്ലാംമതവും സാമുദായിക നിയമങ്ങളും

II

വി. അബ്ദുൽഖയ്യൂം

ദാമ്പത്യബന്ധം കഴിഞ്ഞാൽ സാമുദായിക ജീവിതത്തിൽ അതിപ്രധാനമായ സ്ഥാനം അർഹിക്കുന്നതു് വിവാഹബന്ധത്തിന്റെ പരിണതഫലമായ പിതൃപുത്ര ബന്ധമാകുന്നു. ഈ ബന്ധത്തെ ശരിയാംവണ്ണം നിലനിറുത്തിപ്പോരുന്നതിനു പിതാക്കളിലും അവരുടെ സന്താനങ്ങളിലും ഇസ്ലാംമതം പലേ ബാദ്ധ്യതകൾ ചുമത്തിയിട്ടുണ്ട്. സന്തതികളെ ഉത്തമമായ നിലയിൽ വളർത്തിക്കൊണ്ടുവരുന്നതിനു അതു പിതാക്കളോടാജ്ഞാപിക്കുന്നു. ഇസ്ലാംമതത്തിന്റെ ആവിർഭാവകാലത്തു നിലവിലുണ്ടായിരുന്ന ഭ്രൂണഹത്യ ശിശുഹത്യ തുടങ്ങിയ ക്രൂരകൃത്യങ്ങളെ അതു നിശ്ശേഷം നിരോധിച്ചു. ചെറുപ്പംമുതല്ക്കേ സന്താനങ്ങൾക്കു സദാചാരപരമായ പരിശീലനം നൽകാൻ പിതാക്കളോടാവശ്യപ്പെട്ടു. കഴിയുന്നിടത്തോളം മക്കൾക്കിടയിൽ സമത്വവും നീതിയും പാലിക്കാൻ പിതാക്കൾ നിർബ്ബന്ധിതരാണ്. ഒരു മകന്നോ മകൾക്കോ പിതാക്കൾ എന്തെങ്കിലും ദാനം ചെയ്യുകയാണെങ്കിൽ മററുള്ള മക്കൾക്കും അതേപ്രകാരം ചെയ്യേണമെന്നാണ് ഇസ്ലാംമതം കല്പിക്കുന്നതു്.

പിതാക്കൾക്കു സന്താനങ്ങളെ ശിക്ഷിക്കേണ്ടിവരുകയാണെങ്കിൽ അവരുടെ തലയ്ക്കോ മുഖത്തോ അടിയ്ക്കരുതെന്നു മുഹമ്മദുനബി ഉപദേശിച്ചിരിക്കുന്നു. എന്തെന്നാൽ തലയും മുഖവും ജ്ഞാനേന്ദ്രിയങ്ങളുടെ സങ്കേതസ്ഥാനമായതുകൊണ്ടു അതിനു പ്രഹരമേല്ക്കുന്നതു അവരുടെ നിത്യസങ്കടത്തിന്നു കാരണമായിത്തീരാവുന്നതാണ്.

സ്ത്രീസന്തതികളെ വളർത്തുന്ന കാര്യത്തിൽ ഇസ്ലാംമതം പ്രത്യേക ശാസനകൾ നൽകിയിട്ടുണ്ട്. സ്ത്രീസന്താനങ്ങളെ കൂടുതൽ ശ്രദ്ധയോടെ പരിപാലനം ചെയ്യുന്ന പിതാക്കൾ ദൈവപ്രീതിക്കു സവിശേഷം പാത്രമാകുമെന്നാണ് മുഹമ്മദുനബി ഉൽബോധിപ്പിക്കുന്നതു്. സ്ത്രീ സന്താനങ്ങളെ നല്ലനിലയിൽ വളർത്തിക്കൊണ്ടുവരുന്ന പിതാക്കൾ നരകാഗ്നിയിൽനിന്നു രക്ഷിക്കപ്പെടുന്നതാണെന്നും അദ്ദേഹം പറയുന്നു. വീണ്ടും നബി പറയുകയാണ്:—"ഒരു മനുഷ്യന്നു ആൺമക്കളും പെൺമക്കളും ചെറുപ്പങ്ങളായ സഹോദരസഹോദരികളും ഉണ്ടായിരിക്കുകയും അവൻ അവർക്കു സദുപദേശം ചെയ്തും അവരുടെ ആവശ്യങ്ങൾ നിർവ്വഹിച്ചും അവരെ വളർത്തിക്കൊണ്ടു വരുകയും ചെയ്യുകയാണെങ്കിൽ അവൻ ഈശ്വരകടാക്ഷത്തിന്നവകാശിയായിരിക്കുന്നതാണ്." പിന്നെയും അദ്ദേഹം പറയുന്നു:—"ഒരുവൻ തന്റെ സ്ത്രീ സന്തതിയെ മൂടിക്കളയാതെയും നിന്ദിക്കാതെയും അവളെക്കാൾ കൂടുതലായി പുരുഷ സന്തതികളെ ഇഷ്ടപ്പെടാതെയും പരിപാലിച്ചുകൊണ്ടു വരുകയാണെങ്കിൽ സ്വർഗ്ഗം അവന്നുള്ളതാണ്."

ഇസ്ലാംമതമേർപ്പെടുത്തിയ ദായക്രമത്തിൽ പിതൃസ്വത്തിൽ സ്ത്രീ സന്താനങ്ങൾക്കുള്ള അവകാശം പുരുഷന്മാർക്കുള്ളതിൽ പകുതിയാക്കി നിശ്ചയിച്ചതു പക്ഷപാതവും അന്യായവുമല്ലേ എന്നു ചിലർ ആക്ഷേപിക്കുന്നുണ്ട്. എന്നാൽ കാര്യങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിക്കായ്കയാലാണ് അവർ അങ്ങനെ ചെയ്യുന്നതു്. സ്ത്രീകൾക്ക് പുരുഷന്മാരുടേതിൽ പകുതി സ്വത്തിന്നേ അവകാശമുള്ളുവെങ്കിൽ സ്ത്രീകൾ തങ്ങളുടെ സ്വത്തിൽനിന്നു തങ്ങളുടെയോ തങ്ങളുടെ സന്താനങ്ങളുടെയോ ആവശ്യത്തിന്നുവേണ്ടി യാതൊന്നും ചെലവുചെയ്വാൻ ബാദ്ധ്യതപ്പെട്ടവരല്ല. ആ വക ചുമതലകളെല്ലാം പുരുഷന്മാർക്കുള്ളതാണ്. കൂടാതെ, സ്ത്രീകൾക്കാണെങ്കിൽ വിവാഹബന്ധത്തിലേർപ്പെടുന്ന സമയത്തു് പുരുഷന്മാരിൽനിന്നു മഹർ എന്ന വിവാ

ഹമൂല്യം ലഭിക്കുന്നതുമാണ്. സ്ത്രീകൾക്ക ഇസ്ലാംമതം നിശ്ചയിച്ചിട്ടുള്ള അവകാശങ്ങളും ബാദ്ധ്യതകളിൽനിന്നും ചുമതലകളിൽനിന്നും അവരെ ഒഴിവാക്കി നിർത്തിയ സംഗതിയേയും മുൻനിർത്തിനോക്കുന്ന പക്ഷം സ്ത്രീകളുടെ അവകാശം പുരുഷന്മാരുടേതിൽ കവിഞ്ഞതാണെന്നും അതു ഏററവും ന്യായമാണെന്നും ആർക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

പിതൃപുത്രബന്ധത്തിൽ പിതാക്കളെ അനുസരിക്കാനും ബഹുമാനിക്കുവാനും ഇസ്ലാംമതം സന്താനങ്ങളോടു ആവശ്യപ്പെട്ടിരിക്കുന്നു. പിതാക്കളോടു 'ഛീ' എന്നുപോലും പറയരുതെന്നാണ് വിശുദ്ധ ഖുർആൻ കല്പിക്കുന്നതു്. പിതാക്കളുടെ വാർദ്ധക്യകാലത്തു അവരെ പ്രത്യേകമായി സഹായിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ഇസ്ലാംമതം മുസ്ലിംകളോടു ആജ്ഞാപിച്ചിട്ടുണ്ട്.

സാമുദായികജീവിതത്തിൽ പിതൃപുത്രബന്ധം കഴിഞ്ഞാൽ അടുത്തു നിലകൊള്ളുന്നതു ബന്ധുക്കളും അയൽവാസികളും മുതലായവരാണല്ലോ. അവർതമ്മിൽ വർത്തിക്കേണ്ട രീതിയെപ്പററി വിശുദ്ധ ഖുർആൻ പറയുന്നതാണിതു്:—"നിങ്ങൾ പിതാക്കൾക്കും ബന്ധുക്കൾക്കും അനാഥർക്കും സാധുക്കൾക്കും അടുത്ത അയൽവാസികൾക്കും അകന്ന അയൽവാസികൾക്കും സഹപ്രവർത്തകന്മാർക്കും വഴിപോക്കർക്കും നിങ്ങളുടെ ഭൃത്യജനങ്ങൾക്കും ഗുണംചെയ്യുന്നവരായിരിക്കുക." (4-36) ഈ വചനത്തിൽ പറഞ്ഞിട്ടുള്ള ആളുകളുടെ അവകാശത്തെ സ്ഥാപിച്ചുകൊണ്ടു ഇസ്ലാംമതം സാമുദായികജീവിതത്തെ ഒരു ഉറച്ച അസ്തിവാരത്തിന്മേൽ പടുക്കുകയാണ് ചെയ്തിട്ടുള്ളതു്. സമുദായത്തിലെ അനാഥരെ രക്ഷിക്കേണ്ടഭാരം അതു ധനവാന്മാരിൽ ചുമത്തിയിരിക്കുന്നു. ധനവാന്മാർ തങ്ങളുടെ സ്വന്തം മക്കളെപ്പോലെ അനാഥശിശുക്കളെയും പോററി വളർത്തേണ്ടതാണ്. ദരിദ്രരും തൊഴിലില്ലാത്തവരുമായവരെ സഹായിക്കുകയും അവർക്ക തൊഴിലുണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതും അവരുടെ കടമയാണ്. തന്റെ അയൽപക്കക്കാരൻ, പുരാതനക്കാരനായിരുന്നാലും ശരി പുതുതായി വന്നവനായിരുന്നാലും ശരി, സഹായമർഹിക്കുന്നവനാണെങ്കിൽ അവനെ സഹായിക്കേണ്ടതു മുസ്ലിംകളുടെ കടമയാകുന്നു. 'അയൽവാസി പട്ടിണികിടക്കുമ്പോൾ ആഹാരം കഴിക്കുന്നവൻ എന്നെച്ചേർന്നവനല്ല' എന്നാണ് മുഹമ്മദുനബി അരുൾചെയ്തിരിക്കുന്നതു്. പങ്കാളികളും ഒന്നിച്ചു ജോലിചെയ്യുന്നവരും മുസ്ലിംകളുടെ പ്രത്യേകമായ സഹായത്തിന്നവകാശികളാണ്. ഇസ്ലാംമതത്തിന്റെ ഈ ഉപദേശമനുസരിച്ചു പ്രവർത്തിക്കയാണെങ്കിൽ ഇന്നത്തെ ട്രെയിഡ്യൂനിയനുകളുടെ ആവശ്യംതന്നെ ഉണ്ടാകുന്നതല്ല. വഴിയാത്രക്കാരൻ, അഥവാ സഞ്ചാരി, ധനവാനായിരുന്നാലും, ദരിദ്രനായിരുന്നാലും അവനോടു സൗഹാർദ്ദപൂർവ്വം വർത്തിക്കാൻ മുസ്ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ഇതുകൊണ്ടു അടുത്തെന്നപോലെ ദൂരത്തും ഇസ്ലാമികസൌഹാർദ്ദബന്ധം നിലനില്ക്കണമെന്നാണ് ഇസ്ലാംമതം ഉദ്ദേശിച്ചിട്ടുള്ളതു്.

വലിയവരും ചെറിയവരും തമ്മിലുള്ള പെരുമാററത്തെപ്പററി മുഹമ്മദുനബി പറഞ്ഞിട്ടുള്ളതിപ്രകാരമാണ്:—"ചെറിയവരുടെനേരെ ദയാദാക്ഷിണ്യം കാണിക്കാത്തവരും വലിയവരെ ബഹുമാനിക്കാത്തവരും എന്നോടു ബന്ധപ്പെട്ടവനല്ല." ഈ വചനം യജമാനഭൃത്യന്മാർക്കും ഗുരുശിഷ്യന്മാർക്കും മററേതെങ്കിലും തരത്തിൽ വലിപ്പച്ചെറുപ്പമുള്ളവർക്കും ബാധകമായ ഒരു സിദ്ധാന്തത്തെയാണ് കുറിക്കുന്നതു്.

സ്ത്രീപുരുഷന്മാർ തമ്മിലുള്ള പൊതുബന്ധത്തെപ്പററിയാണെങ്കിൽ സ്ത്രീകളുടെ സുഖസൌകര്യങ്ങൾക്ക ഏതു സന്ദർഭത്തിലും പരിഗണന നൽകേണമെന്നു ഇസ്ലാംമതം ശാസിക്കുന്നു. പള്ളിയിൽനിന്നു നമസ്കാരം കഴിഞ്ഞാൽ സ്ത്രീകൾ പുറത്തിറങ്ങിപ്പോകുന്നതുവരെ പള്ളിക്കകത്തുതന്നെ കാത്തിരിക്കുക മുഹമ്മദുനബിയുടെ പതിവായിരുന്നു. സ്ത്രീകൾ മുഴുവൻ പുറത്തുപോയ്ക്കഴിഞ്ഞെന്നുകണ്ടാൽ മാത്രമേ നബിയും സഖാക്കളും പള്ളിയിൽനിന്നു എഴുന്നേററിരുന്നുള്ളു. ഒട്ടകപ്പുറത്തു പുരുഷന്മാരോടുകൂടി സ്ത്രീകളും സവാരിചെയ്യുന്നുണ്ടെങ്കിൽ സ്ത്രീകൾക്ക ക്ഷീണം ബാധിക്കാതിരിക്കാൻവേണ്ടി ഒട്ടകത്തെ വേഗത്തിലോടിക്കാൻ നബി അനുവദിച്ചിരുന്നില്ല. ഭർത്താക്കന്മാർ ദൂരദേശസഞ്ചാരത്തിൽനിന്നു തിരിച്ചുവരുമ്പോൾ വീട്ടിൽ വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതിന്നായി മുൻകൂട്ടി വിവരം ഭാര്യമാരെ അറിയിക്കേണ്ടതാണെന്ന് അദ്ദേഹം മുസ്ലിംകളോടുപദേശിച്ചിരിക്കുന്നു. സ്ത്രീകളെ സംബന്ധിച്ചുള്ള മറെറാരുപദേശം അവരുടെ സന്താനങ്ങളെ അവരിൽനിന്നു വേർപെടുത്തരുതെന്നുള്ളതാണ്. കൂടാതെ അവർക്ക തങ്ങളുടെ ബന്ധുമിത്രാദികളെ ഇടയ്ക്കിടെ സന്ദർശിക്കാനുള്ള സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതു പുരുഷന്മാരുടെ കടമയാണ്. ഒരുപുരുഷൻ ഒരുസ്ഥലത്തു വിവാഹബന്ധം ആലോചിച്ചിട്ടുണ്ടെങ്കിൽ അവൻ അതിൽനിന്നു വിട്ടൊഴിഞ്ഞല്ലാതെ മറെറാരാൾക്ക അവിടെ വിവാഹബന്ധം ആലോചിക്കാൻ പാടില്ലെന്നാണ് നബി കല്പിച്ചിരിക്കുന്നതു്. ചുരുക്കിപ്പറകയാണെങ്കിൽ സ്ത്രീകളുടെ അവകാശങ്ങൾക്കും താല്പര്യങ്ങൾക്കും പൂർണ്ണമായ സംരക്ഷണം ഇസ്ലാംമതം നൽകുന്നുണ്ട്.

ഒരമേരിക്കൻ ദിനപത്രം

രാത്രി 9—45-ന് അമേരിക്കയിലെ ഏററവും വലിയ നഗരമായ ന്യൂയോർക്കിൽ, ഒരു പടക്കോപ്പുനിർമ്മാണ ഫാക്ടറിയിൽനിന്ന് നാതിദൂരസ്ഥമായ ഒരു ഒഴിഞ്ഞ ഗുദാമിൽ അഗ്നിബാധിക്കുന്നു. 9—48-ന് ഫാക്ടറിയിലെ ഒരു തൊഴിലാളി അഗ്നിനാളങ്ങൾ കണ്ടപ്പോൾ ഉടൻ അഗ്നിശമന ഡിപ്പാർട്ടുമെൻറിലേക്ക് ടെലിഫോൺവഴി വിവരം അറിയിക്കുന്നു. ഒരുമിനുട്ടിലിടക്ക് അടുത്ത അഗ്നിശമന ആപ്പീസുകളിലെല്ലാം ആപൽസൂചകമായ വിവരം കൊടുക്കുകയും, ഷോർട്ട് വേവ് റേഡിയോ മുഖാന്തിരം പോലീസിനെ അറിയിക്കുകയുംചെയ്തുകഴിഞ്ഞു. 9—50-ന്, നഗരത്തിലെ പ്രധാന വർത്തമാനപത്രങ്ങളിലൊന്നായ "ന്യൂയോർക്ക് ടൈംസി"ൻെറ ആപ്പീസിൽ—പോലീസ്സ് ഡിപ്പാർട്ട്മെൻറ് ബ്രോഡ്കാസ്റ്റ്ബേസിൻെറ നേർക്കു തിരിച്ചു ഒരു റേഡിയോ റിസീവർ വെച്ചിട്ടുണ്ടവിടെ—ആപൽസൂചകമായ പ്രക്ഷേപണം ശ്രവിക്കാറാകുന്നു.

"ടൈംസ്" പ്രതിദിനം രണ്ടു പതിപ്പുകളാണച്ചടിക്കുന്നത്. അതിൽ ഒന്നാമത്തേത് അച്ചടി തുടങ്ങുന്നതു രാത്രി 11 മണിക്കാണ്. "ടൈംസി"ൻെറ ലോകമാസകലമുള്ള ലേഖകന്മാരിൽനിന്നു കേബിളും കമ്പിയില്ലാക്കമ്പിയും ട്രാൻസ് അത്ലാന്തിക് ടെലിഫോണും വഴിക്കും, ഐക്യരാജ്യങ്ങളിലങ്ങോളമിങ്ങോളമുള്ള ലേഖകന്മാരിൽനിന്നു ടെലിഫോണും ടെലിഗ്രാഫും വഴിക്കും "ടൈംസ്" ഒരു മെമ്പർകൂടിയായ വമ്പിച്ച വാർത്താശേഖരണസംഘടനകളിൽനിന്നു ടെലിടൈപ്പ് യന്ത്രങ്ങൾ വഴിക്കും വാർത്തകൾ ആപ്പീസിൽ വർഷിച്ചുകൊണ്ടിരിക്കുന്നു.

തിരക്കേറിയ പത്രാധിപമുറിയിൽ, വിദേശം, ആഭ്യന്തരം, നഗരം എന്നീ മൂന്നു വ്യത്യസ്തഡസ്കുകളിലെ പത്രാധിപന്മാർ, ടെലിഫോൺ വഴി ലഭിച്ച സന്ദേശങ്ങൾ റിപ്പോർട്ടർമാരും റീറൈറ്റർമാരും "ടൈംസ്" ആപ്പീസിൽവെച്ചുതന്നെ എഴുതിത്തയ്യാറാക്കി നൽകിയ ലേഖനങ്ങളും വാർത്തകളും പരിശോധിച്ചുകൊണ്ടിരിക്കുന്നു. ഓരോ പത്രാധിപരുടേയും ചുററും കമാനാകൃതിയിലിരിക്കുന്ന കോപ്പിറീഡർമാർ ഓരോ വാർത്തയും സസൂക്ഷ്മം എഡിററ് ചെയ്തു അവയ്ക്കു തലക്കെട്ടുകൾ ചേർക്കുന്നു. ആറുലക്ഷം വാക്കുകളടങ്ങിയ വാർത്തകൾ—വിദേശങ്ങളിൽനിന്നു "ടൈംസ്" ലേഖകന്മാരയച്ച 10000 വാക്കുകൾ, സാമ്പത്തികവും സ്പോർട്ടിങ്ങും വിഷയങ്ങളടക്കം ടെലിഗ്രാഫ് വഴി ലഭിച്ച വാർത്തകളിലെ 60000 വാക്കുകൾ, വർത്തമാനപത്രസ്ഥലങ്ങളിൽനിന്നുള്ള 355000 വാക്കുകൾ, തലസ്ഥാനനഗരത്തിൽനിന്നും ഉൾപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന വർത്തമാനപത്രങ്ങളിലെ 175000 വാക്കുകൾ ഇവയാണവ—പ്രഭാതപ്പതിപ്പിലേക്കുവേണ്ടി 2 ലക്ഷമോ 210000-മോ ആയി ചുരുക്കുന്നു.

പ്രവൃത്തി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. നിശ്ചിതസമയത്തിനു വണ്ടികയററുവാനും മെയിൽ ഡലിവറിക്കും തക്കവണ്ണം "ടൈംസ്" തയ്യാറാക്കിക്കഴിയണം; അതിനാൽ അച്ചടി വൈകിക്കുവാൻ നിവൃത്തിയില്ല.

ഗുദാമിലെ അഗ്നിബാധയുടെവിവരം നിരവധി പ്രാദേശിക റിപ്പോർട്ടർമാരുടെ ചാർജ്ജുവഹിക്കുന്ന സിററി എഡിററർക്കു ലഭിക്കുന്നു. തൽസംബന്ധമായ പൂർണ്ണവിവരങ്ങൾ ശേഖരിക്കുവാൻ അയക്കപ്പെട്ട റിപ്പോർട്ടറും ഫോട്ടോഗ്രാഫറും കാറിൽ കുതിച്ചു 10—01-ന് കത്തിയെരിയുന്ന ഗുദാമിന്നടുത്തെത്തുന്നു. പ്രേക്ഷകന്മാരെ അകററിനിർത്തുവാൻ നിർമ്മിച്ച തടസ്സങ്ങൾക്കപ്പുറത്തേക്കു, പ്രസ്സ് കാർഡുകൾ നിമിത്തം, അവർക്കു പ്രവേശനം ലഭിക്കുന്നു.

ഉഗ്രമായ കാററുനിമിത്തം, ആളിക്കത്തുന്ന തീ ഗുദാമിലെ ജീർണ്ണിച്ചുപഴകിയ മരപ്പണികൾക്ക് അതിവേഗം പരന്നുപിടിച്ചു; പടക്കോപ്പുനിർമ്മാണ ഫാക്ടറിയിലേക്കും അഗ്നി പരക്കുമോ എന്നു ഭയപ്പെടേണ്ട സ്ഥിതിയിലെത്തി. പത്തു മിനുട്ടിനുള്ളിൽ ഫോട്ടോഗ്രാഫർ പടമെടുത്തു എക്സ്പോസ്സ്ഡ് പ്ലേററുകൾ "ടൈംസ്" ആപ്പീസിലേക്കയച്ചുകഴിഞ്ഞു; അവിടെ വെച്ചു അവ 12 മിനുട്ടിനുള്ളിൽ ഡവലപ്പ് ചെയ്തു പ്രിൻറ് ചെയ്തുകഴിയും. ഫോട്ടോഗ്രാഫർ അവിടംവിടാതെ കൂടുതൽ പടങ്ങളെടുത്തുകൊണ്ടിരിക്കുന്നു. റിപ്പോർട്ടർ കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കുന്നു; ശ്രമനിരതരായ അഗ്നിശമനക്കാർക്ക് റിപ്പോർട്ടറോടു സംസാരിക്കുവാൻ സമയമില്ല, അവരുടെ നേതാവ് ജോലി മുഴുമിച്ചു അല്പം വിശ്രമിക്കുന്നതുവരെ, റിപ്പോർട്ടർക്ക് ആയാളുടെ പേർ വിളിക്കുവാൻപോലും നിവൃത്തിയില്ല.

10—14 സമയമാകുമ്പോഴേക്കും അഗ്നിശമനക്കാർ തീകെടുത്തു് ഫാക്ടറി രക്ഷിച്ചു. അടുത്തു സ്റ്റോറിൽചെന്ന് റിപ്പോർട്ടർ ടെലിഫോൺവഴി റീറൈറ്റർക്ക് സംഭവങ്ങൾ വിവരിച്ചുകൊടുക്കുന്നു.

റീറൈറ്ററുടെ ടൈപ്പ്റൈററർ യന്ത്രത്തിൽകൂടി പുറത്തുവന്ന വാർത്ത സിററി എഡിററരുടെ മേശ

പ്പാറത്തുന്നു. ഇതിനു പത്രത്തിൽ സ്ഥലമുണ്ടാക്കേണ്ടതിലേക്ക് ആദ്യം എഡിററ്ചെയ്തു തയ്യാറാക്കിയ ഒരു വാർത്ത വീണ്ടും വെട്ടിക്കുറക്കുന്നു; കാരണം, പരസ്യങ്ങളും വാർത്തകളും അടക്കം ആ പതിപ്പിന്റെ പേജുകളുടെ എണ്ണവും വാർത്തകൾക്കുള്ള ഇടവും മാനേജിംഗ്എഡിറ്റർ നിശ്ചയപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. യുദ്ധത്തിനുമുമ്പ് 23 ഇഞ്ച് നീളവും 16½ ഇഞ്ച് വീതിയുമുള്ള 64 വരെ പേജുകളായിരുന്നു ഒരു ലക്കത്തിൽ ഉണ്ടായിരുന്നത്; എന്നാൽ ഇന്ന്, യുദ്ധകാലത്തു കടലാസുകൾ ചുരുക്കി ചെലവഴിക്കേണ്ടതുള്ളതിനാൽ 26 മുതൽ 36 വരെ പേജുകളായി ചുരുക്കിയിരിക്കുന്നു.

അവസാന വാർത്തകൾ വേറെയും "ടൈംസി"ന്റെ ന്യൂസ് മുറിയിൽ എത്തുന്നു; ന്യൂസ് എഡിറ്റർമാർ താമസംകൂടാതെ അവയുടെ പ്രാധാന്യമനുസരിച്ചു ഓരോന്നിനും അനുവദിക്കാവുന്ന സ്ഥലം തിട്ടപ്പെടുത്തുന്നു. അഗ്നിബാധയുടെ വർത്തമാനം കോപ്പി കൺട്രോൾ ഡസ്കിലെത്തുകയായി. ന്യൂസ് എഡിറ്ററോ, സാമ്പത്തികം, സ്പോർട്ട്സ്, വനിത, വിനോദം മുതലായ ഡിപ്പാർട്ടുമെന്റുകളിലെ എഡിറ്റർമാരോ, മാനേജിംഗ് എഡിറ്റർ നിജപ്പെടുത്തിയതിലധികം പത്രസ്ഥലം ഉപയോഗപ്പെടുത്തുന്നതിനെ തടയുകയാണ് കൺട്രോൾ വകുപ്പിന്റെ ചുമതല.

10-32ന് അഗ്നിബാധാ വാർത്ത ടൈപ്പ്ചെയ്യുവാൻ തക്കവണ്ണം തയ്യാറായിക്കഴിഞ്ഞു. ഒന്നാം, പതിപ്പിലേക്ക് ആവശ്യമായ പ്രധാന വാർത്തകൾ ശരിപ്പെടുത്തി 10-50വരെ ടൈപ്പ്ചെയ്യുവാൻ കൊടുക്കാറുണ്ട്. അഗ്നിശമനവാർത്ത കമ്പോസിങ്ങ്മുറിയിലെത്തുകയായി; ഒരു കോപ്പികട്ടർ ആയതു നാലു ഭാഗമായി വെട്ടി ഓരോന്നും ഓരോ ഓട്ടോമാററിക്ക്ടൈപ്പ്സെററിങ്ങ് യന്ത്രത്തിൽ ജോലിചെയ്യുന്ന ആളെ ഏൽപിക്കുന്നു. 'ടൈംസ്"പ്രസ്സിലെ 80 ലിനോടൈപ്പ് യന്ത്രങ്ങളിൽ ഓരോന്നിലും ഒരു മിനുട്ടുകൊണ്ട് രണ്ടു ഇഞ്ച് മാററർ ചെയ്തുതീർക്കുവാൻ കഴിയും. ഓരോന്നും ചെയ്തുതീർന്നു കഴിഞ്ഞാൽ ക്രമമനുസരിച്ചു അവ "ഗാലി"കളിൽ ചേർത്തുവെക്കുന്നു.

ഇവയും "സ്ലഗ്ഗുകൾ" ചൂടാറുന്നതിനുമുമ്പുതന്നെ പ്രൂഫ് തെററുതീർക്കേണ്ടതിലേക്ക് പ്രൂഫ്റീഡർമാരുടെയും എഡിറ്റർമാരുടെയും സവിധത്തിൽ എത്തുന്നു. മെയ്ക്കപ്പ് എഡിറ്റർ അതതുപേജുകളിലും സ്ഥലങ്ങളിലും ചേർക്കേണ്ടതായ വാർത്തകളെസംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നു. അഗ്നിബാധയുടെ വാർത്ത ഇന്ന പേജിൽ ഇന്നസ്ഥലത്തു ചേർക്കണമെന്നും അദ്ദേഹം നിർദ്ദേശിക്കും. പരസ്യങ്ങൾ വൈകുന്നേരംതന്നെ പേജുകളിൽ തിരിച്ചു ശരിപ്പെടുത്തിവെച്ചിരിക്കും.

അഗ്നിബാധാവാർത്തയോടുകൂടിത്തന്നെ അനേകം പടങ്ങളും ഉത്തനാകം കൊണ്ടുള്ള ഹാഫ്ടൺ "കട്ട്സി"ൽ തയ്യാർ ചെയ്തുവെച്ചിരിക്കുന്നു. 'കട്ട്സ്' നിർമ്മിക്കുന്നതിനു സാധാരണ ഒരു മണിക്കൂർ പിടിക്കും; എന്നാൽ "ടൈംസി"ലെ ഫോട്ടോ എൻഗ്രേവിങ്ങ്ഡിപ്പാർട്ടുമെന്റിൽ 20 മിനുട്ട്കൊണ്ടു 'കട്ട്സ്' ഉണ്ടാക്കുന്നുണ്ട്. പ്രൂഫ് നോക്കി ശരിപ്പെടുത്തിയ സ്ലഗ്ഗുകൾ അതതിടത്തിൽ ചേർക്കുകയും ഒടുവിൽകിട്ടിയവാർത്തകൾ അടങ്ങിയ കോളം അതോടു ചേർത്തു വെക്കുകയുംചെയ്യുന്നു.

10-53 ന് പേജുകൾ തയ്യാറായിക്കഴിഞ്ഞു. ഒരു പ്രിന്റർ ഫോറത്തിൽകൂടി ഒന്നു കണ്ണോടിക്കുന്നു. സാമ്പത്തികം, പത്രാധിപക്കുറിപ്പുകൾ മുതലായ പേജുകൾ അച്ചടിക്കേണ്ടവിധത്തിൽ ഫോറത്തിലായിക്കഴിഞ്ഞിരിക്കുന്നു. അച്ചടി തുടങ്ങേണ്ടതിനു ഏഴുമിനുട്ടുള്ളപ്പോൾ, അഗ്നിബാധയുടെ വാർത്തയടങ്ങിയ പേജ് പ്രസ്സിലെത്തുന്നതിനുമുമ്പ് രണ്ടു ജോലികൾകൂടി ബാക്കിയുണ്ട്. നനച്ച ഒരു മെട്രിക്സ് (ടൈപ്പുകൾ വാർക്കുന്ന അച്ച്) പേജിന്മേൽവെച്ച്, ടൈപ്പുകൾ മുഴുവൻ അതിന്മേൽ വ്യക്തമായി പതിയത്തക്കവണ്ണം ഒരു ഉരുക്ക്സിലിൻഡർ അതിന്മേൽകൂടി മർദ്ദിച്ചുകൊണ്ടു ഉരുട്ടുന്നു.

10-55-ന് ഈ മെട്രിക്സ് യന്ത്രംവഴി സ്റ്റീരിയോടൈപ്പിങ്ങ് മുറിയിലെത്തി, ഉടൻ അവിടുന്നു പ്രസ്സിലെത്തി, അർദ്ധസിലിൻഡർ രൂപത്തിൽ മടങ്ങി, ഒരു ഓട്ടോമാററിക്ക് പ്ലേററ് കാസ്റ്റിംഗ്യന്ത്രത്തിൽ ഘടിപ്പിക്കപ്പെടുന്നു. "ടൈംസ്" പ്രസ്സിൽ ഇത്തരം നാലു യന്ത്രങ്ങളുണ്ട്.

15 നിമിഷങ്ങൾക്കിടയിൽ, ഈ മെട്രിക്സിൽ പതിഞ്ഞ അച്ചുകൾ ഒരു ലോഹപ്ലേററിൽ പകരുന്നു. ലോഹംകൊണ്ടുള്ള ഈ പ്ലേററാണ് അച്ചടിക്കുവാനുള്ള ഫോറം. ഈ പ്ലേററ് 10-50 ആകുമ്പോഴേക്കും ആറിത്തണുത്ത് അച്ചടിക്കാനുള്ള നിലയിലായിക്കഴിയുന്നു.

ഇതേ മെട്രിക്സ് ഉപയോഗിച്ചു സ്റ്റീരിയോടൈപ്പർമാർ വേറെ നാലു പ്ലേററുകൾകൂടി എടുക്കും. സാധാരണ ഒരു രാത്രിയിലാണെങ്കിൽ, "ടൈംസി"ലെ 24 വമ്പിച്ചപ്രസ്സുകളിൽ അഞ്ചെണ്ണംമാത്രമേ ഉപയോഗപ്പെടുത്താറുള്ളൂ; ശനിയാഴ്ച രാത്രി, കൂടുതൽ വിഷയങ്ങളോടും കൂടുതൽ പേജുകളോടുംകൂടി ഞായറാഴ്ചപ്പതിപ്പ് അച്ചടിക്കേണ്ടതാകയാൽ ചില പ്രസ്സുകൾ കൂടി ഉപയോഗിക്കും. ഓരോ പ്രസ്സിലും ഒരേ അവസരത്തിൽ 48 പേജുകൾ അച്ചടിക്കാവുന്നതാണ്; എന്നാൽ പ്രസ്സ് യൂനിററുകൾ പുനഃസംഘടിപ്പിച്ചാൽ ഒ

ഓരോ പ്രസ്സിൽതന്നെ 96 പേജുകൾ അടിക്കുവാൻ സാധിക്കും.

പ്രസ്സ്മേൻ ഉപരിസൂചിതമായ പ്ലേറ്റുകൾ സിലിന്ററിന്മേൽ യഥാസ്ഥാനത്തുറപ്പിക്കുന്നു. 11 മണിക്കു മണിയടിക്കുകയായി. സാവധാനമായി ഒരു പരുക്കൻ ശബ്ദത്തോടുകൂടി സിലിന്ററുകൾ തിരിയുകയായി.

വമ്പിച്ച റോളുകളിലുള്ള കടലാസ്സ് വായുവേഗത്തിൽ യന്ത്രത്തിലേക്കു കടക്കുന്നു. അച്ചടിച്ചപേജുകൾ വെട്ടി ശരിപ്പെടുത്തി പേജുകൾ ചേർത്തുവെച്ചു മടക്കുക മുതലായവ ഉടനടി യന്ത്രത്തിൽതന്നെ നിർവ്വഹിച്ചു കഴിയും. അച്ചടിക്കു വേഗത വർദ്ധിക്കുന്നതോടുകൂടി പ്രസ്സിൽനിന്നു പുറപ്പെടുന്ന വമ്പിച്ച ശബ്ദം കെട്ടിടം മുഴവൻ മാറ്റൊലിക്കൊള്ളും. തളർന്നു ക്ഷീണിച്ച പുരുഷന്മാരും സ്ത്രീകളുമായ വേലക്കാർ, അടുത്തപതിപ്പിന്റെ ജോലിയാരംഭിക്കുന്നതിന്നു മുമ്പ് മേൽത്തട്ടിൽ അല്പസമയം വിശ്രമിക്കുകയായി. പ്രസ്സിന്റെ വേഗതയുടെ മൂർദ്ധന്യത്തിൽ ഓരോപ്രസ്സിലും ഒരു മിനുട്ടിൽ 1200അടി നീളത്തിലുള്ള കടലാസ്സ് അച്ചടിക്കും; ഒരു മണിക്കൂറിൽ 45000 കോപ്പികൾ.

അച്ചടിച്ച പത്രങ്ങൾ ഒരു ചങ്ങലയിൽക്കൂടി മെയിൽമുറിയിലെത്തുന്നു. ഒരു യന്ത്രംതന്നെ 25 വീതം കോപ്പികൾ എണ്ണി തിട്ടപ്പെടുത്തി പുറംതള്ളും. അതിനാൽ, ഓരോ കെട്ടിടത്തിലേക്കും ആവശ്യമായ കോപ്പികൾ എണ്ണേണ്ടതായ ആവശ്യമില്ല. ഒരു കോപ്പി ബോയി ഒരു കെട്ടെടുത്ത് പത്രാധിപന്മാരുടെ മുറിയിലേക്കോടുന്നു. ഉടനടി പത്രം വാർത്താസ്റ്റാന്റുകളിലും, വണ്ടികളിലും പോസ്റ്റാപ്പീസുകളിലും, അക്ഷമരായി കാത്തിരിക്കുന്ന പൊതുജനങ്ങളുടെ ഇടയിലും എത്തിക്കഴിയും.

11_05 മണി ആകുമ്പോഴേക്കും, ഒരു മണിക്കൂർമുമ്പ് മാത്രം കെടുത്ത ഗുദാമിലെ അഗ്നിയുടെ വാർത്തയുംകൊണ്ടു "ടൈംസി"ന്റെ കോപ്പികൾ നഗരത്തിൽ പ്രചരിക്കുന്നു. ഈ വാർത്ത മാത്രമല്ല, യുദ്ധരംഗങ്ങളിൽനിന്നും, ലോകത്തിലെ വിവിധ തലസ്ഥാനനഗരങ്ങളിൽനിന്നും, അമേരിക്കയുടെ നാനാഭാഗങ്ങളിൽനിന്നും ഒടുവിലായി ലഭിച്ച വാർത്തകൾ "ടൈംസി"ൽ ജനങ്ങൾക്കു വായിക്കാം. അതിലിടക്കു ഫോട്ടോഗ്രാഫറും റിപ്പോർട്ടറും അഗ്നിബാധിതപ്രദേശത്തുനിന്നു ആപ്പീസിൽ മടങ്ങിയെത്തി, അടുത്ത പതിപ്പിലേക്കാവശ്യമായ പടങ്ങളും, അഗ്നിബാധയുടെ പൂർണ്ണവിവരങ്ങളും തയ്യാറാക്കുകയായി. ഒന്നാമത്തെ പതിപ്പ് 125000 കോപ്പികൾ അച്ചടിച്ചു 45 മിനിട്ടു കഴിയുമ്പോഴേക്കും അടുത്തപതിപ്പിന്നുള്ള മാറ്റർ പ്രസ്സിലെത്തേണ്ടതാണ്.

പിന്നീടുള്ള പതിപ്പുകളിൽ, അഗ്നിബാധയുടെ വാർത്ത സംഭവവികാസത്തിന്നനുസരിച്ചു പൂർണ്ണരൂപം പ്രാപിച്ചുകഴിയുന്നതാണ് 1_15നും രാവിലെ 7 മണിക്കും ഇടക്ക്, രണ്ടാംപതിപ്പിന്റെ 275000 കോപ്പികൾ അച്ചടിക്കുന്നതോടുകൂടി, കൂടുതൽ വാർത്താനിവേദനങ്ങൾ വർഷസമാനം ലഭിക്കുന്നതിന്നനുസരിച്ചു പുതിയ പുതിയ പേജുകൾ അച്ചടിക്കുവാൻ തയ്യാറാക്കപ്പെട്ടു പ്രസ്സിലെത്തുന്നതാണ്. അതുപോലെതന്നെ, അനേകസഹസ്രം ജനങ്ങൾ പ്രാതൽസമയത്തോ ജോലിസ്ഥലത്തേക്കുള്ള യാത്രയിലോ "ടൈംസ്" വായിച്ചുകൊണ്ടിരിക്കുന്ന അതേ അവസരത്തിൽ, അടുത്ത 24 മണിക്കൂറുകൾക്കിടയിൽ ലോകത്തിൽ നടക്കുന്ന സംഭവങ്ങളെസംബന്ധിച്ച വിവരങ്ങൾ വായനക്കാർക്കു നൽകേണ്ടതിന്ന്, അടുത്ത പതിപ്പിന്റെ ജോലി, പകൽസമയത്തേക്കു നിശ്ചയിച്ച പത്രാധിപന്മാരും പ്രസ്സിലെ വേലക്കാരുംകൂടി ആരംഭിച്ചിട്ടുണ്ടായിരിക്കും.

(യു. എസ്സ്. ഒ ഡബ്ളു. ഐ.)

Visit 'BADSHASTORES' Calicut.
THE BEST SHOPPING CENTRE ON WEST COAST
For almost anything & everything up-to-date in PIECE GOODS and FANCY ARTICLES.
Prices Defy competition.

കോഴിക്കോട്
'ബാദ്ഷാസ്റ്റോർസ്സിൽ'
എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണ്.
S. H. BADSHA SAHEB & CO.,
HUZUR ROAD,
CALICUT.

ചില വിശേഷങ്ങൾ

(ലോകാവലോകി)

ഏററവും വലിയ പൂവ്

നാം സാധാരണമായി പനിനീർ പൂവിനു പുഷ്പങ്ങളുടെ രാജ്ഞി എന്ന വിശേഷാഭിധാനം നൽകിവരാറുണ്ടല്ലോ. എന്നാൽ ഇതു അതിന്റെ സൌരഭ്യവും ഭംഗിയുംകൊണ്ടാണ്. വലുപ്പം നോക്കുകയാണെങ്കിൽ ചെന്താമര അതിനേക്കാൾ എത്രയോ വലുതാണെന്നു നമുക്കറിയാമല്ലോ. എന്നാൽ നാം സാധാരണമായി കണ്ടുവന്നിട്ടുള്ള പൂക്കളിൽവെച്ച് ഏററവും വലുതു ചെന്താമരയാണെങ്കിലും അതിനേക്കാളും എത്രയോ വലുതായ ഒരു പൂവ് ലോകത്തിലൊരിടത്തു വികസിക്കുന്നുണ്ടെന്നുള്ള വിവരം അധികം പേരും അറിഞ്ഞിരിക്കാനിടയില്ല. ഇതു യൂറോപ്പിലോ അമേരിക്കയിലോ ഒന്നുമല്ല, നമ്മുടെ രാജ്യത്തിന്നടുത്താണ് താനും—പക്ഷേ ഇപ്പോൾ ജപ്പാന്റെ അധീനത്തിലായെന്നേയുള്ളൂ—സുമാത്രാ ദ്വീപിൽ.

മുന്തിരിവള്ളിയുടെ വേരിന്റെ പുറം തൊലികളിൽ മുളച്ച് അതിന്റെ തണ്ടിന്നുള്ളിൽത്തന്നെ ചുററിപ്പററിപ്പടർന്നു വളർന്നു പുഷ്പിക്കുന്ന "റഫ്ലീസിയ" എന്ന സസ്യത്തിന്റെ പൂവാണിതു. ഇതിന്റെ പുഷ്പം മുന്തിരിവള്ളിയുടെ വേരിന്മേൽതന്നെയാണ് ഉണ്ടാവുന്നതു. പുറംതൊലി പൊളിച്ചു മൊട്ടു പുറത്തേക്കു വരികയും അതു പിന്നീടു വികസിച്ചു വലുതാവുകയും ചെയ്യുന്നു. പൂർണ്ണവികാസം പ്രാപിച്ചാൽ അതിന്നു സുമാർ 10 അടി ചുററളവുണ്ടാകും. അഞ്ചു ഇതളുകൾ മാത്രമേ ഉണ്ടായിരിക്കയുള്ളൂ. ആകെ 25 റാത്തൽ ഘനമുണ്ടായിരിക്കും. ഇതളുകൾക്ക് പാടലവർണ്ണവും മദ്ധ്യത്തിൽ കടുംചുവപ്പ് വർണ്ണവും ആണ്. അതുകൊണ്ടു ചെന്താമര, പനിനീർ എന്നീ ഉത്തമപുഷ്പങ്ങളോടു അതിന്നു അല്പമൊരു വർണ്ണസാമീപ്യം ഇല്ലാതില്ല. ഇതാണ് ലോകത്തിലെ സുമസമ്രാട്ട്!

ഏററവും വമ്പിച്ച ജലസംഭരണകേന്ദ്രം

പട്ടണപ്രദേശങ്ങളിൽ അധികവും പൈപ്പ്മാർഗ്ഗമായിട്ടാണല്ലോ ജനങ്ങൾക്ക് വെള്ളംകിട്ടുന്നതു. എന്നാൽ ഈ പൈപ്പുകളിലേക്ക് വെള്ളം സപ്ലൈ ചെയ്യാൻ ഒരു തടാകമോ വെള്ളംകെട്ടിനിർത്തിയ ഒരു ജലസംഭരണകേന്ദ്രമോ (Reservoir) ഉണ്ടായിരിക്കും. ഉദാഹരണമായി പറയുകയാണെങ്കിൽ മദിരാശിപട്ടണത്തിലേക്കുള്ള വെള്ളം വരുന്നതു ദൂരെ റെഡ്ഹിൽസ് എന്നിടത്തുള്ള തടാകത്തിൽനിന്നാണ്. എന്നാൽ മഴ വേണ്ടിടത്തോളം കിട്ടാത്ത സ്ഥലങ്ങളിൽ പുഴകളിൽനിന്നും കിണറുകളിൽനിന്നും വെള്ളം പമ്പ് ചെയ്ത് ജലസംഭരണകേന്ദ്രത്തിലേക്കെത്തിച്ച് അവിടന്നു ശുദ്ധീകരിച്ചശേഷമാണ് പൈപ്പ്‌വഴി പട്ടണങ്ങളിലേക്ക് വിടുന്നതു. ഇത്തരത്തിലുള്ള ജലസംഭരണസ്ഥലങ്ങളുടെ കൂട്ടത്തിൽ ലോകത്തിൽവെച്ച് ഏററവും വലിയതു ലണ്ടനിലാണുള്ളതു. ഇതു തെയിംസ് നദീതീരത്തിലാണ്. ഇതിൽ 723 ഏക്ര വിസ്താരത്തിൽ വെള്ളം കെട്ടിനിർത്തിയിട്ടുണ്ട്. വൃത്താകാരത്തിലുള്ള ചുററുകെട്ടിന്റെ അളവ് ഏകദേശം 4 നാഴികയാണ്. ഇതിൽ 6,750,000,000 ഗാലൻ വെള്ളം കൊള്ളും. ഈ ജലസംഭരണ സ്ഥലത്തിന് "മേരി രാജ്ഞി"യുടെ പേരാണ് നൽകിയിരിക്കുന്നതു. ഇതിന്നു ആകെ ചെലവായ സംഖ്യ 2,000,000 പവനാണ്.

ഇപ്പറഞ്ഞ റിസർവോയർകൂടാതെ ലണ്ടനിൽ വെള്ളം സപ്ലൈ ചെയ്യാനായി 12 എണ്ണം വേറെയും ഉണ്ട്. ഇപ്പോഴുള്ള ജലസംഭരണകേന്ദ്രങ്ങളിലെല്ലാംകൂടി 200,000,000,000 ഗാലൻ വെള്ളം ശേഖരിച്ചുവെക്കുന്നുണ്ട്. ലണ്ടനിലും പരിസരങ്ങളിലേക്കുമായി ദിവസേന 31,500,000,000 ഗാലൻ വെള്ളം സപ്ലൈ ചെയ്യുന്നുണ്ട്. 70 ലക്ഷം ജനങ്ങൾക്ക് ഈ വെള്ളം കിട്ടുന്നുണ്ട്. ഇതിന്റെയെല്ലാം മേൽനോട്ടം വഹിക്കുന്നതു "മെട്രോപോളിററൻ വാട്ടർബോർഡ്" എന്നപേരിൽ അറിയപ്പെടുന്ന തലസ്ഥാന ജലകാര്യസമിതിയാണ്.

ഏററവും വലിയ അണക്കെട്ട്

ലോകത്തിലെ ഏററവും വലിയ അണക്കെട്ട്

അമേരിക്കൻ ഐക്യരാജ്യത്തിൽ നിർമ്മിച്ചുകഴിഞ്ഞിരിക്കുന്നു. ഇതു വാഷിങ്ങ്ടണിലെ കൊളമ്പിയാ നദിയിലാണ് കെട്ടിയിരിക്കുന്നതു്. ഇതിന്റെ അസ്തിവാരം 35 ഏക്ര സ്ഥലത്തോളം പരന്നുകിടക്കുന്നുണ്ട്. അടിയിൽ ഭിത്തിവണ്ണം 500 അടിയും മുകളിൽ 30 അടിയും ആണ്. ഇതു കൊളമ്പിയാ നദിയുടെ മുമ്പത്തെ ജലനിരപ്പിൽനിന്നും 550 അടി ഉയർന്നിട്ടാണ് നിൽക്കുന്നതു്. 1939 വസന്തമായപ്പോഴേക്കും അണക്കെട്ടിന്റെ പിന്നിലുള്ള ജലാശയം 25 നാഴികയോളം നീളത്തിൽ വ്യാപിച്ചുകിടന്നിരുന്നു. അണക്കെട്ടിന്റെ അടുത്തുള്ള അതിന്റെ ആഴം 100 അടിയായിരുന്നു. കെട്ട് നിറഞ്ഞാൽ ശരാശരി ആഴം 375 അടിയായിരിക്കും. അപ്പോൾ കെട്ടിനിർത്തിയ ജലരാശി 150 നാഴിക നീളത്തോളം, കനഡയുടെ അതിർത്തിവരെ, എത്തും. ഈ അണക്കെട്ടിന്റെ സഹായംകൊണ്ട് 1,200,000 ഏക്ര മരുഭൂമി പ്രദേശത്തെ ഫലസമൃദ്ധിയുള്ള കൃഷിസ്ഥലമാക്കുന്നതാണെന്നാണ് കണക്കാക്കിയിരിക്കുന്നതു്.

"ഗ്രാൻഡ കൌളീ" അണക്കെട്ട് (Grand Coulee Dam) എന്നാണ് ഇതിന്റെ പേർ. ഇതു പണിയുവാൻ 7 കൊല്ലം വേണ്ടിവന്നു. ഇതിനു ചെലവായ സിമന്റ് 125 ലക്ഷം പീപ്പയാണ്. ആകെ ചെലവായ സംഖ്യ 13,000,000 പവനിൽ അധികമാണ്.

ലോകപ്രസിദ്ധമായ "നയാഗ്രാ" വെള്ളച്ചാട്ടത്തേക്കാളും രണ്ടര ഇരട്ടി ഉയരത്തിൽ നിന്നാണത്രെ ഇവിടെ വെള്ളം വീഴുന്നതു്. ഇതു പ്രവർത്തിക്കുവാൻ തുടങ്ങിയാൽ ലോകത്തിൽ മറ്റൊരു ദിക്കിലും സാധിക്കാത്ത വിധത്തിൽ അത്ര വമ്പിച്ച തോതിൽ ഇവിടെ ജലവൈദ്യുതശക്തി ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നതാണെന്നു വിദഗ്ദ്ധനിരീക്ഷകർ അഭിപ്രായപ്പെട്ടിരുന്നു.

[8 കൊല്ലം മുമ്പുവരെ നേവാഡാ—അരിസോണയിലെ 'ബൌൾഡർ' അണക്കെട്ടായിരുന്നു ഏററവും വലുതു. എന്നാൽ ഗ്രാൻഡ് കൌളിക്ക് അതിന്റെ ഒന്നരപങ്ക് ഉള്ളളവുണ്ട്. റഷ്യക്കാർ സമരമദ്ധ്യത്തിൽ പൊളിച്ചുതകർത്ത വമ്പിച്ച "നീപ്പർ" അണക്കെട്ടിനു ബൌൾഡറിന്റെ പകുതി വലുപ്പം മാത്രമേ ഉണ്ടായിരുന്നുള്ളൂ.]

ബലക്ഷയവും
നിരുന്മേഷതയും
അടിച്ചുകററുന്നു.



നിങ്ങൾ വാങ്ങുന്നതു് കോഴിക്കോട്ട്, ഗവൺമെണ്ട് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവൺമെണ്ട് ബ്രാണ്ടു്) "ഷാർക്ക് ലിവർഓയൽ" തന്നെയല്ലെ എന്ന് സൂക്ഷിക്കുക.

SHARK
LIVER OIL
GOVERNMENT OIL FACTORY, CALICUT.

MADRAS GOVERNMENT MGB BRAND



ഏജൻറുമാർ:—മെസ്സേർസ്സ് പാരി & കമ്പനി ലിമിററഡ്, മദിരാശി.

അറബിരാഷ്ട്രങ്ങളുടെ ഭാവി

വറുഗീസ് കളത്തിൽ എം. ഏ.

"അറബിജനതയെ മുമ്പോട്ടു കൊണ്ടുപോകുന്ന ഒരു മഹാശക്തിയാണു അറബിലീഗ്. അതിനെ യാതൊരുത്തർക്കും പിടിച്ചുനിർത്തുവാൻ സാധിക്കയില്ല" എന്നു സിറിയൻ ഡെപ്യൂട്ടീസ് ചേംബർ പ്രസിഡണ്ട് ഈയിടെ പ്രസ്താവിക്കയുണ്ടായി. അറബിരാഷ്ട്രങ്ങളിലെ നേതാക്കന്മാരുടെ സങ്കല്പലോകത്തിൽ സൃഷ്ടിച്ചുവെച്ചിരുന്ന പ്രസ്തുത സംഘടന വെറും സ്വപ്നം മാത്രമല്ലെന്നും, പ്രായോഗികമായ ഒരു കാര്യപരിപാടി അറബിരാഷ്ട്രങ്ങൾക്കുണ്ടെന്നും, സിറിയൻ പ്രസിഡണ്ട് പറഞ്ഞതു പരമാർത്ഥമാണെന്നും ഇതുവരെയുള്ള അനുഭവത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്. കഴിഞ്ഞവർഷം ഒക്ടോബർമാസത്തിൽ അലക്സാണ്ട്റിയയിൽവെച്ചു നടത്തിയ കൂടിയാലോചന ഫലപ്രദമായിക്കഴിഞ്ഞു. മാർച്ച് 18-ാംനു- കെയിറോയിൽവെച്ചുകൂടിയ പ്രാരംഭാലോചനാസമിതി അറബിലീഗിന്റെ ഭരണഘടന അംഗീകരിച്ചു. പ്രായോഗികജീവിതത്തിൽ ലീഗ് ഒരു യാഥാർത്ഥ്യമായിത്തീരുന്നപക്ഷം, മദ്ധ്യപൗരസ്ത്യപ്രദേശത്തെ രാഷ്ട്രീയസ്ഥിതി വളരെ ഗൗരവാവഹമായിത്തീരുന്നതാണ്. യൂറോപ്യൻ രാഷ്ട്രങ്ങൾ മദ്ധ്യപൗരസ്ത്യപ്രദേശത്തു അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾക്ക് ഉടവുതട്ടുമെന്നു ന്യായമായി ഊഹിക്കാവുന്നതാണ്.

അറബിരാഷ്ട്രങ്ങൾ മററു രാഷ്ട്രങ്ങളിൽനിന്നു എല്ലാ വിധത്തിലും സർവ്വതന്ത്രസ്വതന്ത്രമായിത്തീരുവാൻ തീരുമാനം ചെയ്തുകഴിഞ്ഞു. അറബിരാജ്യങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ സമാധാനപരമായി പറഞ്ഞുതീർക്കണമെന്നും, അതിനുവേണ്ടി അന്യരാഷ്ട്രങ്ങളുടെ സഹായം ആവശ്യപ്പെടേണ്ടെന്നും, ലീഗ് കൗൺസിൽ അഭിപ്രായവ്യത്യാസങ്ങളും പറഞ്ഞുതീർക്കണമെന്നും, ഓരോ അറബിരാജ്യവും സ്വീകരിക്കുന്ന വിദേശനയം ഏകഭാവത്തോടുകൂടിയതായിരിക്കണമെന്നും, ലീഗിലെ മെമ്പറായ ഒരു രാജ്യത്തിന് വിരോധമായവിധത്തിൽ ലീഗിന്റെ മറ്റൊരു മെമ്പർ യാതൊരു കരാറിലും ഏർപ്പെടരുതെന്നും, മററും അറബിലീഗുപ്രവർത്തകന്മാർ തീരുമാനിച്ചിരിക്കുന്നു സാമ്പത്തികമായും സാംസ്കാരികമായും കഴിയുന്നത്രയും യോജിച്ചു പ്രവർത്തിക്കണമെന്നും, മർദ്ദനക്കാരുടെ ആക്രമണത്തിൽനിന്നു ലീഗിലെ മെമ്പർമാരായ രാഷ്ട്രങ്ങളുടെ അധീനശക്തിയെ പരിരക്ഷിക്കണമെന്നും ലീഗുനേതാക്കൾ ആഗ്രഹിക്കുന്നു.

ഏററവും ചൈതന്യസമ്പൂർണ്ണവും പുരോഗമനപരവും, ആശാസ്യവുമായ ഒരു പരിപാടിയാണിത്. ഈ പരിപാടി പഴയ കഷ്ടതകളെ മറക്കുവാൻതക്കവണ്ണമുള്ള ഒരു ചേതോവികാരത്തെ അറബിജനതയുടെ ഹൃദയത്തിൽ ഉല്പാദിപ്പിക്കും. ഭാവിയിലെ സമ്മോഹനമായ സ്വാതന്ത്ര്യലോകത്തിലേക്ക് അവർ ഒരു സംയുക്തസംഘടനയായി പുരോഗമിക്കും. മററുള്ള ചെറിയ രാഷ്ട്രങ്ങൾക്കു അനുകരണീയവും, വലിയ മർദ്ദനക്കാരുടെ രാജ്യങ്ങൾക്കു അസൂയാജനകവും ആയ ഈ പരിപാടി മദ്ധ്യപൗരസ്ത്യപ്രദേശത്തെ തന്ത്രലോകത്തിൽ പല ഗണ്യമായ കോളിളക്കങ്ങളും ഉണ്ടാക്കുവാൻ ഇടയുണ്ട്.

അറബിലീഗ് രാഷ്ട്രീയമായ ഒരു പരീക്ഷണമാണ്. മിക്കവാറും ഏകഭാവത്തോടുകൂടിയ ഒരു സംസ്കാരമാണ് ലീഗിലെ മെമ്പർമാരായ രാജ്യങ്ങൾക്കുള്ളത്. അവയുടെ പ്രശ്നങ്ങൾ പലതും പൊതുവിലുള്ളതു തന്നെ. യോജിപ്പില്ലായ്മകൊണ്ടു ഉണ്ടായിട്ടുള്ള സർവ്വബലഹീനതകളും പരിഹരിക്കപ്പെടും. എങ്കിലും രാഷ്ട്രീയമായ ഒരു പരീക്ഷണമെന്ന നിലയിൽ ലീഗിന് പല തടസ്സങ്ങളേയും അഭിമുഖീകരിക്കേണ്ടതായി വരും. "ഏഷ്യയിലെയും ആഫ്രിക്കയിലെയും, ഒരു കേന്ദ്രഘടകമെന്ന നിലയിൽ അറബിസംഘടന മനുഷ്യസമുദായത്തിന് വളരെ പ്രയോജനപ്രദമായിത്തീരുമെന്ന് എല്ലാ മഹാശക്തികളും സമ്മതിച്ചിരിക്കുന്നുവെന്നുള്ളത് ദൈവാധീനം തന്നെ" എന്നു ഈജിപ്തിലെ അറബികാര്യമന്ത്രി മാർച്ച്മാസം ആദ്യം പ്രസ്താവിക്കയുണ്ടായി. അങ്ങനെ മഹാശക്തികളിൽനിന്ന് സഹായമല്ലാതെ ഉപദ്രവമുണ്ടാകയില്ലെങ്കിൽ അറബിസംഘടനയ്ക്കു മോഹനമായ ഒരു ഭാവിയുണ്ടെന്ന് തീർച്ചപ്പെടുത്താവുന്നതാണ്.

ഓരോ അറബിരാജ്യത്തിനും അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ ചില വിദേശശക്തികളെ ആശ്രയിക്കേണ്ടി വരും. ആദർശപരമായും ഭരണസിദ്ധാന്തപരമായും രാജ്യത്തിനുള്ളിൽ പല അഭിപ്രായവ്യത്യാസങ്ങളുമുണ്ടാകും. വിദേശീയർക്ക് ഇപ്പോൾതന്നെ ചില അറബിരാജ്യങ്ങളിൽ സ്ഥാപിതതാല്പര്യങ്ങളുണ്ട്. ഇങ്ങനെ സംഘടനയെ ദുർബ്ബലപ്പെടുത്തുന്ന പല വശങ്ങളും ഇപ്പോൾതന്നെ നിലവിലിരി

ക്കുന്നു. ഉദാഹരണമായി ഈജിപ്റ്റിലെ കാര്യംതന്നെ ആലോചിച്ചുനോക്കുക.

ഈജിപ്റ്റിലെ പ്രധാനമന്ത്രിമാരായിരിക്കുന്നവരിൽ ശേഷിയും ദീർഘദൃഷ്ടിയും ഉള്ള ഒരു രാഷ്ട്രനേതാവെന്ന നിലയിൽ വിഖ്യാതനായ നഹാസ് പാഷ ഈജിപ്ഷ്യൻ മന്ത്രിപദത്തിൽനിന്ന് സ്ഥാനഭ്രഷ്ടനായിട്ട് കുറച്ചുമാസങ്ങൾ മാത്രമെ കഴിഞ്ഞിട്ടുള്ളു. ഈജിപ്റ്റിലെ ഏററവും കൂടുതൽ ജനസ്വാധീനമുള്ള ഒരു രാഷ്ട്രീയകക്ഷിയുടെ നേതാവാണദ്ദേഹം. അദ്ദേഹത്തിന്നു മന്ത്രിപദം നഷ്ടപ്പെട്ടതുതന്നെ ഈജിപ്റ്റിൽ ഗൌരവാവഹമായ ഒരു രാഷ്ട്രീയവ്യതിയാനത്തെ സൂചിപ്പിക്കയാണു ചെയ്തതു്.

അതിന്നുശേഷം നഹാസ് പാഷയുടെ എതിർകക്ഷിയിലുള്ള ആളും, ഈജിപ്ഷ്യൻ രാഷ്ട്രീയകാര്യങ്ങളിൽ ദീർഘനാളായി ഇടപെട്ടുവന്ന ദേഹവുമായ മെഹർപാഷ പ്രധാനമന്ത്രിയായി. അദ്ദേഹത്തിന്റെ ഭരണകാലത്തു നടന്ന സംഗതികളെക്കുറിച്ചുള്ള വിശദവിവരം നമുക്കു ലഭിച്ചിട്ടില്ല. പല കേന്ദ്രങ്ങളിൽനിന്നും എതിർപ്പുകളും ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈയിടെ നടന്ന യുദ്ധപ്രഖ്യാപനത്തെത്തന്നെ നഹാസ് പാഷയുടെ കക്ഷിയും മററും എതിർക്കുകയുണ്ടായി. അതിന്നുമുമ്പ് വിദ്യാർത്ഥികൾ ചില പ്രക്ഷോഭണങ്ങൾ ഉണ്ടാക്കിയതായി റിപ്പോർട്ടു ലഭിച്ചിരുന്നു. യുദ്ധപ്രഖ്യാപനത്തെക്കുറിച്ചു ഈജിപ്ഷ്യൻ പാർലിമെൻറ് ആലോചിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ, രാജാവിന്റെ ഒപ്പു് വെച്ച പ്രഖ്യാപനം കൈയ്യിലുണ്ടായിരുന്നപ്പോൾതന്നെ, അന്നത്തെ പ്രധാനമന്ത്രിയായ മെഹർ പാഷ വെടിയേററു മരിച്ചു. നഹാസ് പാഷയും മെഹർ പാഷയും അറബ്‌ലീഗിന്റെ പ്രധാന പ്രവർത്തകന്മാരായിരുന്നു. ഇപ്പോഴത്തെ പ്രധാനമന്ത്രിയായ നക്റോഷി പാഷയും അറബിലീഗിന്റെ നായകന്മാരിൽ പ്രാധാന്യമർഹിക്കുന്ന ഒരാളാണ്. മദ്ധ്യപൌരസ്ത്യദേശത്തെ ബ്രിട്ടീഷു പ്രതിനിധിയായ മോയിൻപ്രഭു വെടിയേററു മരിച്ച ഈജിപ്റ്റ് രാജ്യത്തിൽ, അറബിലീഗിനെക്കാളും സാൻഫ്രാൻസിസ്കോ സമ്മേളനത്തെക്കാളും പ്രാധാന്യമർഹിക്കുന്ന പ്രശ്നം ആഭ്യന്തരവിപ്ലവമാണ്. ജനങ്ങൾക്ക് എങ്ങനെയോ ധാരാളം സമരസാമഗ്രികൾ ലഭിച്ചിരിക്കുന്നു. ലൈസൻസില്ലാതെ ആയുധം സൂക്ഷിക്കുന്നവർക്ക് ഒന്നുമുതൽ അഞ്ചുവർഷംവരെ തടവുശിക്ഷയും മററു പിഴകളും നൽകത്തക്കവണ്ണം ഒരു പുതിയ നിയമം നക്റോഷിപാഷ രൂപവൽകരിച്ചിരിക്കുന്നു. സായുധരായ വിപ്ലവകാരികളെ അമർത്തുവാൻ അദ്ദേഹം ബ്രിട്ടീഷുകാരുടെ സഹായം ആവശ്യപ്പെട്ടു. ബ്രിട്ടീഷുസൈനികോദ്യോഗസ്ഥനായ ലെഫ്റ്റനൻറ് ജനറൽ അൽഫ്രി കഴിവുള്ള സഹായം ചെയ്യാമെന്നും വിപ്ലവകാരികളെ പിടിക്കുവാൻ തല്ക്കാലം ആവശ്യമുള്ള മോട്ടോർ വാഹനങ്ങൾ നൽകാമെന്നും സമ്മതിച്ചിരിക്കുന്നു. ഈ സംഭവം തന്ത്രപരമായി വളരെ പ്രാധാന്യമുള്ളതാണ്. ആഭ്യന്തരമായ ചെറിയ സംഘങ്ങളെ അമർത്തുവാൻ ശ്രമിക്കുന്ന അവസരത്തിൽതന്നെ ഈജിപ്റ്റ് വിദേശശക്തിക്കു വഴങ്ങിക്കൊടുക്കുന്നു. ഇങ്ങനെ ഓരോ രാജ്യത്തും ഉണ്ടാകുന്ന സംഭവവികാസങ്ങൾ നിമിത്തം വിദേശശക്തികൾക്ക് അതതു രാജ്യത്തു് പ്രാമാണ്യം ലഭിക്കുന്നു.

തുർക്കിയുടെ നില എന്താണെന്നു് വ്യക്തമാക്കുവാൻ പ്രയാസമാണ്. തുർക്കിയും സോവ്യററ് റഷ്യയുമായി വളരെ സൗഹാർദ്ദത്തിൽ കഴിഞ്ഞുവരികയായിരുന്നു. തുർക്കി അച്ചുതണ്ടുശക്തികൾക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. അതേസമയംതന്നെ തുർക്കിയും റഷ്യയും തമ്മിലുള്ള സന്ധി അവസാനിച്ചിരിക്കുന്നുവെന്ന് സോവ്യററ്റഷ്യ പ്രസ്താവിച്ചു. അവസാനിച്ച സന്ധിക്കുപകരം വേറൊരു സന്ധി നിർമ്മിക്കുന്നതിനെക്കുറിച്ചു യാതൊരു ആലോചനയും കേൾക്കുന്നില്ല. സന്ധി നിഷേധിക്കപ്പെട്ടതിന്റെ അടുത്ത ദിവസം തന്നെ കൂടിയ തുർക്കിനിയമസഭയിൽ ഈ സംഗതിയെക്കുറിച്ചു യാതൊരു പ്രസ്താവനയുമുണ്ടായില്ല. തുർക്കി—റഷ്യൻ ബന്ധം എപ്രകാരമായിരിക്കുമെന്ന് തീർത്തുപറയുവാൻ പ്രയാസമാണ്. മുസ്തഫാ കമാലിന്റെ പുതിയ തുർക്കിഗവർമ്മേണ്ടിനെ ആദ്യമായി അംഗീകരിച്ച മഹാശക്തി റഷ്യയായിരുന്നു. അന്നു മുതൽ ആത്മമിത്രങ്ങളായി കഴിഞ്ഞുകൂടിയ ഈ രാജ്യങ്ങൾ തമ്മിൽ മൈത്രിയിൽതന്നെ കഴിഞ്ഞുകൂടുമെന്ന് വിചാരിക്കാവുന്നതാണ്. പേർഷ്യയും സോവ്യററ്റഷ്യയും തമ്മിലുള്ള നില വേറൊരു വിധത്തിലാണ്. ബ്രിട്ടീഷുകാരും അമേരിക്കൻകമ്പനികളും പേർഷ്യയിലെ എണ്ണപ്പാടങ്ങളിൽ വൈയവസായികപ്രവർത്തനങ്ങൾ നടത്തുവാൻ തക്ക

വണ്ണം പേർഷ്യൻ ഗവർമ്മേണ്ടുമായി നേരത്തെതന്നെ സന്ധിയിലേർപ്പെട്ടുവെങ്കിലും, ഇപ്പോൾ റഷ്യക്കും അവിടെയുള്ള എണ്ണയുടെ നല്ലൊരംശം ലഭിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. റഷ്യയും പേർഷ്യയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ അറബിലീഗ് എന്തു പ്രവർത്തിക്കും. തുർക്കി റഷ്യയോട്, അനുകൂലിക്കുന്നപക്ഷം, ഒരു പക്ഷെ, പേർഷ്യയുമായി പിണങ്ങേണ്ടിവരും.

1930 ജൂൺമാസത്തിൽ ആംഗ്ലോ—ഇറാക്ക് സന്ധി നിർമ്മിച്ചകാലം മുതൽ ഇറാക്ക്‌രാജ്യം ബ്രിട്ടീഷുകാരുടെ ഹിതത്തിനു വിരോധമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ല. അറബിലീഗിന്റെ ഒരു മെമ്പർ ബ്രിട്ടീഷുകാരോടു പിണങ്ങേണ്ടിവന്നാൽ, ഇറാക്കിനെപ്പോലെയുള്ള ഒരു ചെറിയ രാജ്യത്തിന് ചിലപ്പോൾ ലീഗിനെ വിട്ടുനില്ക്കേണ്ടിവരികയാണെങ്കിൽ, ലീഗിന്റെ ഘടനയ്ക്ക് അതൊരു ബലഹീനതയായിഭവിക്കും

സാമ്പത്തികവും രാഷ്ട്രീയവുമായ പല പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നതുകൂടാതെ, ലീഗിന്റെ വകയായി ഒരു പൊതുസൈനികസംഘടനയും ആവശ്യമാണെന്നുള്ളതു സ്പഷ്ടമാണല്ലോ. അറബിലീഗിന്റെ അപ്രകാരമുള്ള വളർച്ചയെ വിദേശശക്തികൾ എങ്ങനെ വീക്ഷിക്കുമെന്നുള്ളത് കണ്ടറിയേണ്ടതാണ് എങ്കിലും അറബിജനതയുടെ സ്വാതന്ത്ര്യേച്ഛ വളരെ ശക്തിപ്പെട്ടിരിക്കുന്നു. അവരുടെ നേതാക്കന്മാർ സംഘടിച്ചു പ്രവർത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അവരുടെ ദൃഢനിശ്ചയത്തെ പ്രസ്പഷ്ടമാക്കുന്ന പല പ്രസ്താവനകളും ഈയിടെയുണ്ടായിട്ടുണ്ട്. "അറബികൾ ഇന്നത്തേക്കാൾ ഒരിക്കലും പ്രബലരായിരുന്നിട്ടില്ല. ഭാവിയെ ധൈര്യത്തോടുകൂടി അഭിമുഖീകരിച്ച് മദ്ധ്യപൗരസ്ത്യദേശത്തു സമാധാനവും നീതിയും പാലിച്ച് ജനാധിപത്യത്തോടുചേർന്നു പ്രവർത്തിച്ചു അവർക്കു സന്തോഷസമ്പൂർണ്ണമായ ഒരു ലോകം സൃഷ്ടിക്കുവാൻ സാധിക്കു"മെന്നു മാർച്ച് 11-ാംനു- സിറിയയിലെ പ്രസിഡണ്ടായ Shukri al-Kuwatty പ്രസ്താവിക്കയുണ്ടായി അറബികളുടെ ഭാവിയെക്കുറിച്ച് അവർ വിചാരിക്കുന്നതിപ്രകാരമാണ്.

മാപ്പ്

എം. ആർ. വി. കൃഷ്ണറാവു

മദിരാശിഗവർമ്മേണ്ടിന്റെ കീഴിലുള്ള അലസാനശീലരും പ്രാപ്തന്മാരായ അപൂർവ്വം ചില ഉദ്യോഗസ്ഥന്മാരിൽ ഒരാളാണ് റാവുസാഹിബ് ശങ്കരറാവു. ഒരു ഡിപ്പ്യൂട്ടികളക്ടരെന്ന നിലയ്ക്ക് വിശ്വസ്തതകൊണ്ടും കർക്കശമായ ന്യായപരിപാലനംകൊണ്ടും തന്റെ സഹപ്രവർത്തകന്മാർക്ക് അസൂയ തോന്നത്തക്കവിധത്തിൽ അദ്ദേഹം കീർത്തി നേടിയിട്ടുണ്ട്. ഒരു സാധാരണ ക്ലാർക്കിന്റെ സ്ഥിതിയിൽനിന്നുയർന്ന് ഇന്നത്തെ നില പ്രാപിച്ചതിൽ അയാൾ ഊറ്റംകൊള്ളാറുണ്ടായിരുന്നു.

കീഴുദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്റെ മുമ്പിൽ വെറും പാവങ്ങളാണ്. എന്നു മാത്രമല്ല ഭാര്യമാർ ഭയപ്പെടുന്ന ഏതാനും ചില ഉദ്യോഗസ്ഥപ്രമുഖന്മാരിൽ ഒരാളാണദ്ദേഹമെന്നു സ്വകാര്യമായി ആളുകൾ പറയാറുമുണ്ട്.

ഒരു ശനിയാഴ്ച രാത്രിയാണ്. മി. റാവു വില പിടിച്ച ചുരുട്ട വായിൽ തിരുകിവെച്ചുകൊണ്ട് പത്രംവായനയിൽ ലീനനായി ഒരു ചാരുകസേരയിൽ കിടക്കുന്നു.

അദ്ദേഹം ശാന്തനായിരിക്കുന്നതു കണ്ടിട്ട്, ലക്ഷ്മി തെല്ല് പരുങ്ങലോടെ തന്റെ ഭർത്താവിനെ സമീപിച്ചു: "ആ നൂറുറുപ്പിക എവിടെവെച്ചെന്നാണ് അങ്ങുന്ന് പറയുന്നത്? ഞാനതു വലിപ്പിൽ കാണുന്നില്ല"

റാവുസാഹിബ് പത്രം മടിയിലിട്ട് അധരത്തിൽനിന്നു ചുരുട്ടനീക്കംചെയ്തു ഉൽക്കണ്ഠാകുലനായി: "നീ എന്താണ് പറയുന്നത്? ഞാൻ വലിപ്പിൽതന്നെ പണം വെച്ചിട്ടുണ്ട്."

ലക്ഷ്മി എതിർത്തു: "എന്നാൽ പണം അവിടെ ഇല്ല."

അദ്ദേഹം ശഠിച്ചു: "അതവിടെത്തന്നെ ഉണ്ടായിരിക്കണം. നീ ശരിക്കു പരിശോധിച്ചിരിക്കയില്ല."

"ഞാൻ നല്ലപോലെ തിരഞ്ഞു. മേശയും പെട്ടിയും എല്ലാം ഒരു മണിക്കൂറു നേരത്തോളം പരതിയിട്ടും പണം കണ്ടെത്താൻ സാധിച്ചില്ല. പണം അവിടുത്തെ കൈയിൽതന്നെ ഉണ്ടായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്."

"ഒരിക്കലുമില്ല. ഇന്നലെ രാത്രി എന്റെ സ്വന്തം കൈകൊണ്ടാണ് ഞാനതു വെച്ചിട്ടുള്ളത്. വരൂ, നമുക്കു വീണ്ടും ഒന്നു പരിശോധിക്കാം."

റാവുസാഹിബ് ബദ്ധപ്പാടോടെ നടന്നു മുറിക്കകത്തെത്തി. മേശ തുറന്നുനോക്കി. കോട്ടിന്റെ കീശകളിൽ കൈകടത്തി. തലയൊന്നു തടവി ആലോചിച്ചു. പണം മേശയിൽവെച്ച സംഗതി അയാളുടെ സ്മൃതിപഥത്തിൽ പ്രതിബിംബിച്ചു. വെള്ളിയാഴ്ചയാണ് ക്ലാർക്കു ചെക്കുമാറി ഉറുപ്പിക കൊണ്ടുവന്നത്. പത്തുറുപ്പികയുടെ നോട്ടുകൾ! പതിനഞ്ചെണ്ണം! അതദ്ദേഹം നല്ല വിവരത്തോടെ വലിപ്പിനുള്ളിൽ വെച്ചിരുന്നു.

"പണം കളവുപോയിരിക്കുന്നു. രാമിയായിരിക്കണം അതു എടുത്തിട്ടുള്ളത്." റാവുസാഹിബ് മൗനം ഭഞ്ജിച്ചു.

ലക്ഷ്മി സ്തിമിതചിത്തയായി: "രാമി ഒരിക്കലും അതു ചെയ്യുകയില്ല. ഒരായിരം പവൻ അവളുടെ നേരെ തുറിച്ചുനോക്കിക്കൊണ്ട് വല്ലേടത്തും കിടന്നാൽ പോലും അവളതു തൊടുകയില്ല. അവൾ ചെറുപ്പന്നേ നമ്മളോടുകൂടി വളർന്നവളല്ലേ!"

എന്നാൽ അവളുടെ ഭർത്താവ്......ആ കുരുത്തംകെട്ടവൻതന്നെ അതു ചെയ്തിരിക്കും. ഞാൻ അവനോടൊന്നു ചോദിക്കട്ടെ!'

'വീരു! വീരു!'

വീരു പാഞ്ഞെത്തി: 'യജമാനൻ എന്നെ വിളിച്ചോ?

'ഉവ്വ്, വലിപ്പിൽനിന്നു നൂറുറുപ്പിക കളവുപോയിരിക്കുന്നു. ഇന്നലെ രാത്രിയാണ് പണം ഇതിനകത്തു വെച്ചത്. നി എന്നോടു സത്യംപറയണം. ഞാൻ നിനക്കു മാപ്പുതരാം.'

അയ്യോ, യജമാനനേ! അതിനെപ്പറ്റി ഞാൻ യാതൊന്നും അറിയുകയില്ല. ദൈവത്താണെ സത്യം'.

'അസംബന്ധം! പണത്തിനു പിന്നെ കാലു മുളച്ചുവോ? അതു വീട്ടിൽനിന്നു നടന്നുപോകുമോ? നീയല്ലെങ്കിൽ രാമി കട്ടിട്ടുണ്ടായിരിക്കണം. നാളെ പുലരുന്നതിനു മുമ്പ് എനിക്കു പണം മടക്കിക്കിട്ടണം. നീ സ്വന്തം ഇഷ്ടത്താലെ മടക്കിത്തന്നിട്ടില്ലെങ്കിൽ ഞാൻ നിന്നെ പോലീസിൽ ഏല്പിക്കും.'

അദ്ദേഹം ലക്ഷ്മിയുടെ നേരെ തിരിഞ്ഞു: 'തീർച്ചയായും ഇവനാണ് കള്ളൻ. നാളേക്ക് ഇവൻ കുറ്റം സമ്മതിക്കയാണെങ്കിൽ ഞാനവനു മാപ്പുചെയ്യും. അല്ലാത്തപക്ഷം പോലീസുകാർ അവനെക്കൊണ്ട് എല്ലാം പറയിച്ചുകൊള്ളും.'

ലക്ഷ്മി ഉത്തരമൊന്നും ഉരിയാടിയില്ല. അവർ വിഷാദകലുഷമായ നയനങ്ങളോടെ മുറിയിൽനിന്നു പുറത്തേക്കു കടന്നു.

ആ വീട്ടിൽ ഇതിനുമുമ്പ് ഇമ്മാതിരി ഒരു സംഭവമുണ്ടായിട്ടില്ല. അതുകൊണ്ടു പ്രസ്തുത സംഭവം ആ കുടുംബജീവിതത്തിലെ ശാന്തതയ്ക്കു വിഘാതം വരുത്തി. ലക്ഷ്മി കിംകർത്തവ്യതാമൂഢയായി മലച്ചു.

വീരുവിൽനിന്നു കാര്യം മനസ്സിലാക്കിയ രാമി കരഞ്ഞുകൊണ്ടു ലക്ഷ്മിയുടെ അടുക്കലേക്കു ചെന്നു. "കരഞ്ഞിട്ടെന്തു വേണം?. എന്നെക്കൊണ്ടെന്തു ചെയ്യാൻ സാധിക്കും?" അവർ തന്റെ നിസ്സഹായത വെളിപ്പെടുത്തി.

പിറ്റേന്നു കാലത്തു എല്ലാവരും പതിവില്ലാത്ത വിധം നേരത്തെ ഉണർന്നെഴുന്നേറ്റു. എല്ലാവരും അവ്യാകുലരായി തന്താങ്ങളുടെ ജോലി ചെയ്യുന്ന ഒരു കുടുംബമായിരുന്നു അത്. റാവുസാഹബ്ബു തന്റെ അന്തസ്സിന് ഹാനിതട്ടാത്ത നിലയിൽ വിവേചനപൂർവ്വം വർത്തിച്ചിരുന്നു. മറ്റുള്ള സ്ത്രീകളെപ്പോലെ അനാവശ്യമായി 'കലകലാ'ച്ചിലച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായം ലക്ഷ്മിക്കില്ലായിരുന്നു. പിതാക്കളുടെകൂടെ താമസിച്ചിരുന്ന ഒട്ടവിലത്തെ മകനായ ഗോപാലൻ കോളേജിലും കാപ്പിക്കടയിലും വെച്ചു നടത്താറുള്ള തോന്ന്യവാസങ്ങൾ നിറുത്തിവെച്ചിരുന്നു.

ഞായറാഴ്ച കാലത്തു പുറത്തു ബാലാർക്കൻ കനകകതിരുകൾ നാലുപാടും വീശിക്കൊണ്ട് പ്രകാശിച്ചിരുന്നുവെങ്കിലും ആ വീട്ടിനകം തമോനിബിഡമായിരുന്നു. അവിടത്തെ അന്തരീക്ഷം നിരുന്മേഷതയിൽ ആണ്ടിരിക്കയുമാണ്. ഭൃത്യന്മാർ ഇപ്പോഴും കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുന്നു. രാത്രി ഉറക്കമിളച്ചതുകൊണ്ടും കരഞ്ഞതുകൊണ്ടും രാമിയുടെ നയനങ്ങൾ ചുവന്നിരുന്നു.

അഞ്ചുവയസ്സുള്ള ഒരു പൈതലായിരുന്ന കാലം മുതല്ക്കു അവൾ ലക്ഷ്മിയെ സേവിക്കുന്നവളാണ്. അന്നു മരണശയ്യയിൽ കിടക്കുകയായിരുന്ന അവളുടെ മാതാവോടു രാമിയെ താൻ വളർത്തിക്കൊള്ളാമെന്നു പറഞ്ഞു ലക്ഷ്മി അവളെ ഏറ്റുവാങ്ങിയതാണ്. അതുപ്രകാരം അവർ അവളെ സ്വന്തം പുത്രിയെപ്പോലെ വളർത്തുകയും ചെയ്തു. രണ്ടുകൊല്ലം മുമ്പ് അവളുടെ വിവാഹത്തിനുവേണ്ടി കുറേ പണം ചെലവാക്കി. തദവസരത്തിൽ അവൾക്കു ഒരു സുവർണ്ണമാല്യം സമ്മാനമായി കൊടുത്തു.

ശങ്കരറാവുവിന്റെ ശിപായിയുടെ മകനാണു വീരു. വീരു രാമിക്കു ഒരു നല്ല വരനായിത്തീരുമെന്നു എല്ലാവരും ആശിച്ചിരുന്നു.

യജമാനനോടൊന്നിച്ചുള്ള 15 കൊല്ലത്തെ താമസത്തിന്നിടയിൽ ഇപ്രകാരമൊരു കുറ്റം രാമിയിൽ ആരോപിക്കപ്പെട്ടിട്ടില്ല. തലേന്നു രാത്രി ആ ശനിപിടിച്ച പണത്തിന്റെ അരികത്തുകൂടി യാദൃച്ഛികമായി ഒട്ടെങ്കിലും പോകയുണ്ടായോ എന്ന് അവൾ തന്റെ ഭർത്താവോടു ചോദിച്ചിരുന്നു.

വീരു കോപാകുലനായി അതിനെ എതിർത്തു. തന്റെനേരെ വിശ്വാസക്കുറവു പ്രദർശിപ്പിച്ചതിന്നു അവളെ കുറ്റപ്പെടുത്തി. സങ്കടവും ഭയവും അവളെ ബാധിച്ചു. തന്റെ പ്രിയതമന്റെ രക്ഷയ്ക്കായി ദൈവത്തെ പ്രാർത്ഥിക്കുകയല്ലാതെ മറ്റൊന്നിന്നും അവൾ ശക്തയായില്ല.

ലക്ഷ്മി കേവലം അസ്വസ്ഥയായിരുന്നു. പണം മടക്കിക്കിട്ടിയില്ലെങ്കിൽ ഭർത്താവെന്താണ് ചെയ്യുകയെന്നു അവർക്കു നല്ലപോലെ അറിയാവുന്നതാണ്. അദ്ദേഹം തീർച്ചയായും വീരുവിനെ പോലീസിൽ ഏല്പിക്കും.

യമകിങ്കരന്മാരുടെ അവതാരമായിട്ടാണ് അവർ പോലീസിനെ കണക്കാക്കിയിരിക്കുന്നതു. പോലീസിന്റെ സമ്പ്രദായങ്ങളെപ്പറ്റി അവർ ധാരാളം കേട്ടിട്ടുണ്ട്. വീരുവിന്നു ചുട്ട പിടി കിട്ടും. "ഈശ്വരാ! എന്തിനായി ഇങ്ങനെയൊരു സംഭവം നടന്നു? ഭർത്താവെന്തുകൊണ്ടു പണം നേരിട്ടു എന്റെ കൈയിൽ തന്നില്ല?"

ഇതിന്നുമുമ്പ് ഇമ്മാതിരി ഒരു അനിഷ്ടസംഭവം ഉണ്ടായിട്ടേയില്ല. പണവും പണ്ടങ്ങളും എപ്പോഴും അവരുടെ മുറിയിൽ കിടന്നിരുന്നു. ഇതുവരെ ഒരു പൈപോലും കാണാതായിട്ടില്ല.

ഇതാരു പറ്റിച്ചു? രാമിയോ! ഒരിക്കലുമില്ല. പിന്നെ വീരുവോ? അവൻ നിഷ്കളങ്കനാണെന്നു അവന്റെ മുഖം വിളിച്ചുപറയുന്നുണ്ട്. എന്നാൽ അവർക്കിനി രാമിയെപ്പോലെതന്നെ അവനെയും വിശ്വസിക്കാൻ സാധിക്കും? അവൻ അവരുടെ ഭൃത്യനായിട്ടു രണ്ടു കൊല്ലക്കാലമേ ആയിട്ടുള്ളു. പണം അവരുടെ മകൻ ഗോപാലൻ എടുത്തിരിക്കുമോ? അവൻ എന്തിന് എടുക്കണം? എങ്കിലും വിവരം ചോദിക്കുന്നതുകൊണ്ടു ഉപദ്രവമൊന്നുമില്ലല്ലോ.

ഗോപാലൻ രാവിലെ പ്രാതലിന്നു വന്നപ്പോൾ ലക്ഷ്മി മൃദുവായി പറഞ്ഞു:—"ഗോപാലാ, വെള്ളിയാഴ്ച രാത്രി നിന്റെ അച്ഛൻ വലിപ്പിൽ നൂറുപ്പിക വെച്ചിരുന്നു. അതവിടെ കാണാനില്ല."

"ഞാനും അങ്ങിനെ കേട്ടു"

"നീ അതു കാണുകയുണ്ടായോ?"

"ഞാനോ! ഞാൻ അച്ഛന്റെ മുറിയിൽ കടക്കുകപോലും ചെയ്തിട്ടില്ല. പണം വീരു കട്ടിരിക്കണം.

മുറി അടിക്കാൻ അവൻ മാത്രമേ അതിനകത്തു കടക്കാറുള്ളൂ.”

റാവുസാഹിബ് ശങ്കരറാവുവിന്റെ മുഖത്തു വ്യസനവും വിദ്വേഷവും മാറിമാറി സ്ഫുരിച്ചുകൊണ്ടിരുന്നു. രാത്രി അദ്ദേഹം ഉറങ്ങിയെങ്കിലും അതു പതിവായുള്ള സുഖത്തോടുകൂടി ആയിരുന്നില്ലെന്നുള്ളതു നിശ്ചയമാണ്. അദ്ദേഹത്തിന്റെ—ഒരു ഡിപ്പുട്ടികലക്ടരുടെ—ഭവനത്തിൽ മോഷണം നടക്കുക എന്നതു് തന്റെ അധികാരത്തിന്റെയും പ്രതാപത്തിന്റെയും മുഖത്തു കരിതേക്കുന്ന ഒരു സംഭവമായിട്ടാണ് അദ്ദേഹത്തിനു തോന്നിയതു്. കുറ്റക്കാരൻ ശിക്ഷിക്കപ്പെടണം. അദ്ദേഹം വീരുവിനെ വിളിച്ചു.

വീരു പതിവുപോലെ വിളികേട്ടോടിയെത്തി. നമ്രശിരസ്കനായി റാവുസാഹിബിന്റെ സവിധത്തിൽ നിന്നു. അവന്റെ മുഖം വിളറി വരണ്ടിരുന്നു. അധരങ്ങൾ വിറച്ചുകൊണ്ടും.

‘‘വീരു, പണമെവിടെ?’’

വീരുവിന്റെ മുഖം കരുവാളിച്ചു. മുമ്പേതന്നെ വ്രണിതമായിരുന്ന അവന്റെ ഹൃദയത്തിൽ പ്രസ്തുത പ്രശ്നം തീ കോരിയിട്ടു. വിഷാദത്തോടെ അവൻ പറഞ്ഞു: “ഞാൻ എടുത്തിട്ടില്ല യജമാനനേ!”

‘‘നീ കുറ്റം സമ്മതിക്കാതിരിക്കാൻ തീർച്ചപ്പെടുത്തിയല്ലേ?’

“അവിടുന്നു വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്തുകൊള്ളുക; ഞാൻ ആ പണത്തെപ്പറ്റി ഒന്നും അറിയുകയില്ല.”

‘‘എന്നാൽ പിന്നെ ആരാണതെടുത്തിരിക്കുക? ഞാൻ എന്റെ ഈ കൈകൊണ്ടാണ് അതു വലിപ്പിൽ വെച്ചതു്. ഞാൻ നിനക്കു് ഒരിക്കൽകൂടി അവസരം തരുന്നു. കുറ്റം സമ്മതിക്കുകയാണ് നല്ലതു്.”

ഉത്തരമില്ല.

‘നീ മറുപടി പറയുകയില്ലേ? ശരി, നിന്നെക്കൊണ്ടു നേരു പറയിക്കേണ്ടതു എങ്ങനെയാണെന്നു പോലീസിന്നറിയാം. ഗോപാലാ!” അദ്ദേഹം പുത്രനെ വിളിച്ചു: “പോലീസ്സ്റ്റേഷനിൽ ചെന്നു ഇൻസ്പെക്ടരോടു ഒന്നിവിടത്തോളം ഉടനെ വരാൻ പറ”

ശ്രുപാൾ വഴിയുന്ന നയനങ്ങളോടുകൂടി ലക്ഷ്മി അടുക്കളയിൽനിന്നു വന്നു: ‘‘പോലീസിനെ വിളിപ്പിക്കരുതു്. ശനിപിടിച്ച ആ പണം തുലഞ്ഞുപോകട്ടെ! പോലീസ് വീരുവിനെ അടിക്കും; ഇടിക്കും. അവൻ കുറ്റം ചെയ്തിട്ടില്ലെങ്കിൽ ആ പാപം നമ്മുടെ തലയിലാണ് വീഴുക.”

‘‘ലക്ഷ്മീ, ഈവക കാര്യങ്ങളിൽ നിന്റെ ഇടപെടൽ ഞാൻ ഇഷ്ടപ്പെടുന്നില്ല. അവനാണ് കള്ളനെന്നു എനിക്കു നല്ലപോലെ അറിയാം. ആലോചിച്ചുനോക്കൂ! മറ്റാരാണ് അതു ചെയ്യുവാനുള്ളതു്? ചോദിച്ചതിനു അവൻ നിവർന്നുനിന്നു സമാധാനം പറയുന്നില്ല. ഗോപാലാ, നീ പോയി ഇൻസ്പെക്ടരെ ക്ഷണം കൂട്ടിക്കൊണ്ടുവാ!’’

....

സമയം ഇഴഞ്ഞുപോയ്ക്കൊണ്ടിരുന്നു. അപരിചിതമായ ഒരു സ്ഥലത്തെന്നപോലെയാണ് രാമി ആ വീട്ടിൽ ചരിച്ചുകൊണ്ടിരിക്കുന്നതു്. അദൃശ്യമായ കൈകൊണ്ടു നടത്തപ്പെടുന്ന ഒരു യന്ത്രംപോലെ അവൾ യാതൊരു ഒച്ചപ്പാടുമില്ലാതെ തന്റെ നിത്യകൃത്യങ്ങൾ ചെയ്യുന്നുണ്ടു്. എന്നാൽ അവളുടെ ചിന്താഗതി വീരുവിനെ ബന്ധിക്കപ്പെട്ടിരിക്കുന്ന ഒരു നാഴികദൂരത്തുള്ള പോലീസ് സ്റ്റേഷനിൽചെന്നു് അലതല്ലുകയാണ്. അവൻ ഏല്ക്കുന്ന പ്രഹരത്തിന്റെ മുഴക്കവും ‘ഞാൻ നിരപരാധിയാണ്; ഞാനതു ചെയ്തിട്ടില്ല; ഞാൻ അറിഞ്ഞിട്ടില്ല’ ഇത്യാദി പ്രാണസങ്കടത്തോടുകൂടിയ അവന്റെ രോദനവും തന്റെ ശ്രവണപുടത്തിൽ പതിക്കുന്നപോലെ അവൾക്കു തോന്നി.

പരമാർത്ഥത്തിൽ ആ പണം അവൻ എടുത്തിട്ടുണ്ടോ? അവനതു് എടുത്തിരുന്നുവെങ്കിൽ അവളോടു പറയുമായിരുന്നില്ലേ? അതു തീർച്ചപ്പെടുത്താൻ കഴിയുമോ? കുടിച്ചിട്ടോ കളിച്ചിട്ടോ ഉണ്ടായ വല്ല കടവും വീട്ടാൻവേണ്ടി അവൻ പണം മോഷ്ടിച്ചിരിക്കാം. അല്ലെങ്കിൽ വല്ല സ്ത്രീകൾക്കും കൊടുക്കാൻവേണ്ടി: ഭയങ്കരവും എരിപൊരികൊള്ളിക്കുന്നതുമായ വിചാരമാണതു്. വീരുവിനെക്കുറിച്ചു അങ്ങനെ സങ്കല്പിക്കുന്നതു അബദ്ധമാണ്; നിർദ്ദയമാണ്. അപ്രകാരമുള്ള സംശയം മനസ്സിലുദിച്ചതിനു അവൾ തന്നത്താൻ ശപിച്ചു. അവളുടെ പ്രാണനാഥൻ നിർദ്ദോഷിയാണ്. ‘സർവ്വശക്താ! അദ്ദേഹത്തെ രക്ഷിച്ചാലും!’ പലപ്രാവശ്യം ഇതവൾ ഉരുവിട്ടു.

സന്ധ്യ മയങ്ങിയതോടുകൂടി രാമിയുടെ അന്തഃകരണത്തിൽ അന്ധകാരം പരന്നു. റാവുസാഹിബ് അത്താഴംകഴിച്ചു ഇരിക്കുകയാണ്. വീരുവിനു കുറച്ചു ചോറു പോലീസ്സ്റ്റേഷനിലെത്തിച്ചുകൊടുക്കാൻ അവൾ ലക്ഷ്മിയോടു അനുവാദംചോദിച്ചു. ലക്ഷ്മി സമ്മതിച്ചു.

രാമി പൊതിച്ചോറുമായി വിറച്ചു വിറച്ചു പോലീസ്സ്റ്റേഷനിലെത്തി. അവളുടെ ഹൃദയം തുടിക്കുന്നുണ്ടായിരുന്നു. അവൾ പ്രയാസപ്പെട്ടാണു വീർപ്പുകഴിച്ചിരുന്നതു്. ശ്വാസോച്ഛ്വാസം നിലച്ചുപോകുമോ എന്നവൾ ഭയപ്പെട്ടു.

ശുക്ലപക്ഷമാണ്. പോലീസ്സ്റ്റേഷനും പരിസരവും വെള്ളിച്ചാറിൽ കുളിച്ചിരിക്കുന്നു. പകലത്തെപ്പോലെ എല്ലാം തെളിഞ്ഞുകാണാം. രാമി സ്റ്റേഷൻ

പടിവാതില്ക്കലെത്തി. ചെറിയൊരു റാന്തൽ സ്റ്റേഷനകത്തു എരിയുന്നുണ്ട്. ഒരു ഹെഡ്കാൺസ്റ്റബിൾ വിളക്കിന്റെ മുമ്പിലിരുന്നു ഡയറി തയ്യാറാക്കുന്നു. പുറത്തു വരാന്തയിലെ ബെഞ്ചിന്മേൽ രണ്ടു പോലീസുകാർ—58ഉം 73ഉം—ബീഡിവലിച്ചു വെടിപറഞ്ഞും കൊണ്ടിരിക്കുകയാണ്. പടിവാതിൽ ഉന്തിത്തുറന്നു രാമി ഉൾപ്പാടോടെ രണ്ടു നാലു ചുവടുകൾ വെച്ചു. അവളുടെ പാദങ്ങൾ സ്തംഭിച്ചു.

73 അവളെ കണ്ടു. 'നോക്കൂ, ഒരു പെങ്കിളി നമ്മെ കാണാൻ വന്നിരിക്കുന്നു.' അയാൾ കൂട്ടുകാരനെ തോണ്ടി.

'എന്നെയോ?' 58 രാമിയെ സമീപിച്ചു പ്രശ്നം ചെയ്തു: 'നിനക്കെന്തുവേണം കുട്ടീ?'

അവളുടെ ചുണ്ടുകൾ വിറച്ചു. പക്ഷെ ഒച്ച പൊന്തിയില്ല.

73ഉം ഇറങ്ങിവന്നു അവളുടെ സമീപത്തിൽ നിന്നു. അയാൾ അവളെ ധൈര്യപ്പെടുത്തി: "നാണിക്കേണ്ട കുട്ടീ, നാണിക്കേണ്ട."

"ഞാൻ........ഞാൻ തടങ്ങലിലിരിക്കുന്ന ഒരാൾക്കുവേണ്ടി കുറച്ചു ചോറ കൊണ്ടുവന്നതാണ്. അതൊന്നു കൊടുക്കാൻ അനുവദിച്ചെങ്കിൽ ഉപകാരമായിരുന്നു."

"ഓഹോ, നീ കുറച്ചു സ്നേഹമുള്ള കൂട്ടത്തിലാണ്, അല്ലേ! ഓമനേ, നിന്റെ മുഖമൊന്നു നല്ലോണം കാണട്ടെ!" 73 തലയൊന്നു ചരിച്ചു. "എന്തൊരഴക്!" അയാൾ ആഹ്ലാദചിത്തനായി. "ഒരു മുത്തം തരൂ കുട്ടീ! നീ കൊണ്ടുവന്ന ചോറ ഞങ്ങൾ അയാൾക്ക് എത്തിച്ചുകൊടുക്കാം."

"അസ്സൽ കാര്യം; ഒന്നാന്തരം ആലോചന; ഞങ്ങൾക്കു കുറെ ഉണ്ണതന്നേക്കു" 58 പിന്താങ്ങി. അയാൾ അവളെ ആശ്ലേഷിപ്പാനടുത്തു.

രാമി അയ്യോ എന്നലറി.

58 അവളുടെ വാപൊത്തി.

"അവളെ കഷ്ടപ്പെടുത്തല്ലേ; വിട്ടേക്കു!" 73 പുരികമൊന്നു കോട്ടിക്കൊണ്ടു കപടശുപാൽ ചെയ്തു. 'ആളെ കുട്ടീ, നിന്നെ ആ യുവാവിന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോകാം." അയാൾ തയ്യാറായി.

പെട്ടെന്ന് ഒരു ബലത്ത കൈ അയാളുടെ ചുമലിൽ പതിച്ചു. ഹെഡ്കാൺസ്റ്റബിൾ ഗർജ്ജിച്ചു: "താനവളെ എവിടെ കൊണ്ടുപോകുവാൻ പോകുന്നു?" രാമിയുടെനേരെ തിരിഞ്ഞു്: കുട്ടീ, വീട്ടിലേക്കു പൊയ്ക്കോളൂ! കാലത്തു ഇൻസ്പെക്ടറുള്ള സമയം നോക്കി വന്നാൽ മതി."

അവളുടെ അടിവയററിൽനിന്നു ആശ്വാസത്തിന്റെ ഒരു നെടുവീർപ്പു നിർഗ്ഗമിച്ചു. അശ്രുകലുഷമായ നയനങ്ങളുയർത്തി നന്ദിപൂർവ്വം തന്റെ രക്ഷകനെ ഒന്നു നോക്കി. ഉടൻതന്നെ പടികടന്നു പോകുകയുംചെയ്തു.

ഹെഡ്കാൺസ്റ്റബിൾ പുതുതായി ഉദ്യോഗത്തിൽ ചേർന്ന ആളാണ്. സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായിട്ട ഒരു ക്ലാർക്കിന്റെ ജോലികിട്ടാൻ അയാൾ ഭഗീരഥപ്രയത്നം ചെയ്തു. ഒടുക്കം, എയിജ്ബാറാകുന്ന അയോഗ്യതയിൽനിന്നു രക്ഷനേടാനായിട്ട ഹെഡ്കാൺസ്റ്റബിളായി പോലീസിൽ ചേർന്നതാണ്. രാമിയുടെ നിലവിളികേട്ടു പുറത്തേക്കു വരുന്നതുവരെ അയാൾ എഴുതിക്കൊണ്ടിരിക്കയായിരുന്നു.

രാമി പോയശേഷം അയാൾ ആ പോലീസുകാർക്കു താക്കീതു നൽകി:— "ഇമ്മാതിരി പ്രവൃത്തി ഇനിയൊരിക്കൽ ചെയ്തുകണ്ടാൻ ഞാൻ നിങ്ങളെപ്പററി റിപ്പോർട്ടു ചെയ്യാതിരിക്കയില്ല."

രാമി ഓടിത്തളർന്നു പരവശയായി വീട്ടിലെത്തി. അവൾ ലക്ഷ്മിയുടെ പാദങ്ങളിൽ വീണുകൊണ്ടു കര

ഞ്ഞുപറഞ്ഞു:—"അമ്മച്ചീ, അമ്മച്ചീ പോലീസുകാരുടെ കൈയിൽനിന്നു അങ്ങോരെ രക്ഷിക്കണേ. പുലരുന്നതിനു മുമ്പായി അവർ കൊന്നുകളയും. അങ്ങോർ കട്ടിട്ടില്ല. നിരപരാധിയാണ്. ഞാൻ ദൈവത്തെപ്പിടിച്ചു ആണയിടാം. എന്നെ വിശ്വസിക്കണേ! അവർ അങ്ങോരെ തല്ലിക്കൊല്ലും അമ്മച്ചീ, ആ പണത്തിനുവേണ്ടി അമ്മച്ചി തന്ന ഈ മാല എടുത്തോളൂ!"

ഗോപാലൻ അവന്റെ മുറിക്കകത്തിരുന്നു രാധിയുടെ വിലാപം കേട്ടു. പിന്നെ ഒരൊറ്റവരി വായിക്കാൻ അവനു സാധിച്ചില്ല. നല്ലവണ്ണം മൂടിപ്പുതച്ചു മെത്തയിൽ കിടന്നു............വീരു പോലീസ് സ്റ്റേഷനിലേക്കു നയിക്കപ്പെട്ടു. കൈയിൽ ആമംവെച്ചിട്ടുണ്ടായിരുന്നു. പോലീസുകാർ ലാത്തികൊണ്ടു അവനെ അടിച്ചുകൊണ്ടിരുന്നു 'നേരു പറയടാ' സബ് ഇൻസ്പെക്ടർ ഗർജ്ജിച്ചു 'അയ്യോ, ഇല്ല, ഞാൻ ചെയ്തിട്ടില്ല; ഞാൻ ചെയ്തിട്ടില്ല. ഇനിയൊരിക്കലും ഞാൻ ചെയ്യുകയില്ല' അവന്റെ ദേഹത്തിൽ വിലങ്ങും തലങ്ങും അടി വീണുകൊണ്ടിരുന്നു. ദേഹമാസകലം വേദനകൊണ്ടു അവൻ ഞെളിയുകയും പിരിയുകയും ചെയ്യുന്നുണ്ട്. വീണ്ടും 'ഞാനതു ചെയ്തിട്ടില്ല; ഞാൻ ചെയ്തിട്ടില്ല' അടി വീഴുന്തോറും നിഷേധം ആവർത്തിച്ചുകൊണ്ടിരുന്നു............'അദ്ദേഹത്തെ അടിക്കരുതു അദ്ദേഹം നിരപരാധിയാണ്... ...'അമ്മച്ചീ രക്ഷിച്ചാലും! പുലരുന്നതിനുമുമ്പു പോലീസുകാർ അദ്ദേഹത്തെ കൊന്നുകളയും.' അടി പിന്നെയും വീഴാൻ തുടങ്ങി. ഒന്നു അവന്റെ നെറുകന്തലയ്ക്കുതന്നെ കൊണ്ടു

....

ഗോപാലൻ ഞെട്ടി ഉണർന്നു. അവന്റെ തൊണ്ടയിൽ എന്തോ ഒരു വസ്തു തടഞ്ഞിരിക്കുന്നപോലെ തോന്നി. ദേഹമാസകലം വിയർപ്പിൽ കുളിച്ചിരുന്നു. അവനൊരു തീപ്പെട്ടിക്കൊള്ളിയുരച്ചു ഘടികാരത്തിന്റെ നേരെ പിടിച്ചു. നട്ടപ്പാതിര സമയമാണ്. നേരം വെളുക്കാൻ ഇനി ആറു മണിക്കൂറു തികച്ചും കഴിയണം. വീണ്ടും അവൻ ഉറങ്ങാൻ കിടന്നു. നിശയുടെ അവസാനത്തെ കരിനിഴലുകൾ ഉദയസൂര്യന്റെ ചെങ്കതിർപ്രഭതള്ളി ഉരുകിക്കഴിയുന്നതിനു മുമ്പായിത്തന്നെ അവൻ ഉണർന്നെഴുന്നേല്ക്കുകയും ചെയ്തു. മുഖം കഴുകി നേരെ ലക്ഷ്മിയുടെ അടുക്കലേക്കു ചെന്നു.

അമ്മേ, അച്ഛന്റെ മേശയിൽനിന്നു പണമെടുത്തതു ഞാനാണ്. വീരു നിരപരാധിയാണ്".

"നീയോ? നീ എന്തിനായ് എടുത്തു?"

"കോളേജിൽ ഫീസുകൊടുക്കേണ്ടതുണ്ടായിരുന്നു. ശനിയാഴ്ചയായിരുന്നു അവസാനത്തെ ദിവസം. അന്നു കൊടുത്തില്ലെങ്കിൽ രജിസ്റ്ററിൽനിന്നു എന്റെ പേർ നീക്കംചെയ്യുമായിരുന്നു."

"അപ്പോൾ, പത്തുദിവസംമുമ്പു ഫീസുകൊടുക്കാൻ തന്നിരുന്ന പത്തുറുപ്പിക നീ എന്തുചെയ്തു?"

"കാപ്പിപീടികയിലെ കടമെല്ലാം തീർത്തു. അച്ഛനോടു പറയുമെന്നു അവർ എന്നെ പേടിപ്പെടുത്തിയിരുന്നു—"

'ദ്രോഹി! നീ എന്താണ് കാട്ടിയതു? നിനക്കു പണം വേണമെങ്കിൽ എന്നോടു ചോദിക്കാമായിരുന്നില്ലേ? എന്നാൽ എന്തുകൊണ്ടിതു ഇന്നലെ പറഞ്ഞില്ല. ആ പാവം, നിരപരാധിയായ വീരു, എത്ര തല്ലുകൊണ്ടിരിക്കണം? അയ്യോ, ദൈവമേ! ഈ പാപമെല്ലാം ഈയുള്ളവളുടെ തലയിലാണല്ലോ വീഴുക!"

ശങ്കരറാവുവും വർത്തമാനമറിഞ്ഞു. അദ്ദേഹത്തിനു കോപം അടക്കാനായില്ല. "നീ എന്തിനായിട്ടതെടുത്തു? അദ്ദേഹം "അട്ടഹസിച്ചു." നീ, എന്റെ മകൻ, ഇത്രമാതിരി അക്രമം പ്രവർത്തിക്കുകയോ? ഞാൻ വീരുവിനോടു എന്താണു പറയുക? പുറത്തുപറയാൻ പാടില്ലാത്ത കൊള്ളരുതായ്മയാണല്ലോ ഇതു്. ഈശ്വരാ, ഞാനെന്താണ് വേണ്ടതു?'.

ഒരു മണിക്കൂറിനുള്ളിൽ വീരു ലോക്കപ്പിൽനിന്നു വീട്ടിൽ തിരിച്ചുവന്നു. റാവുസാഹിബു ഗൗരവത്തിനു ഭംഗംവരാത്തനിലയിൽ അവനോടു പറഞ്ഞു—"വീരു, ഇക്കുറി ഞാൻ നിനക്കു മാപ്പുതന്നിരിക്കുന്നു. പണം തിരിച്ചുകിട്ടി. ആരോ അതു രാത്രി എന്റെ മേശമേൽ കൊണ്ടുവന്നുവെച്ചിരിക്കുന്നു. രാധിയുടെ പണിയായിരിക്കണം."

രാധി ആശ്ചര്യഭരിതയായി മിഴിച്ചു: 'ഞാൻ വെച്ചിട്ടില്ല.' അവളും വിക്കിക്കൊണ്ടു പറഞ്ഞു. 'ഞാൻ അതിനെപ്പറ്റി ഒന്നും അറിയുകയില്ല.'

റാവുസാഹിബു തടഞ്ഞു: 'ശരി, ശരി, മേലാലൊരിക്കലും നുണപറയരുതു. ഇപ്പോൾ എല്ലാവർക്കും മാപ്പുതരുന്നു. പോയി താന്താങ്ങളുടെ ജോലി ചെയ്തോളു.'

ഗോപാലൻ ഇടയിൽ കടന്നുപറഞ്ഞു:—'വീരു, നീയാണ് ഞങ്ങൾക്കെല്ലാം മാപ്പുതരേണ്ടതു്. ഇങ്ങനെയൊരു സംഭവമുണ്ടായതിൽ ഞാൻ വ്യസനിക്കുന്നു. ഞാനാണ് വലിപ്പിൽനിന്നു പണമെടുത്തതു്. വീരു, എനിക്കു മാപ്പുതരൂ.'

ശങ്കരറാവു പകച്ചു. അദ്ദേഹത്തിനു തന്റെ ചെവികളെത്തന്നെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അമ്പരപ്പോടെ അദ്ദേഹം ഗോപാലന്റെ നേർക്കു നോക്കി. പിതാവിന്റെ ദൃഷ്ടി തന്റെ മുഖത്തു പതിഞ്ഞുകൊണ്ടിരിക്കെത്തന്നെ അവൻ അവിടെനിന്നു മറഞ്ഞുകളഞ്ഞു.

(പരിഭാഷകൻ: ഇ. ഹമീദ്)

സാരിയുടുത്താൽ

(അമ്പി)

പാററ്നസെക്രട്ടറിയേററിലെ ഒരു ക്ലാക്ക് ഇതിനിടെ, ദോത്തിയില്ലാത്തതിനാൽ സാരിയുടുത്ത് ആപ്പീസിൽ ചെല്ലുകയുണ്ടായി. അതിന്നിടയാക്കിയ സംഭവങ്ങളും, അയാൾ ആപ്പീസിലേക്കു പുറപ്പെടുന്നതിന്നുമുമ്പു ഗൃഹത്തിൽ ഉണ്ടായതിനെപ്പററിയുള്ള ഒരൂഹമാണിതു :—

“ഓമനക്കുട്ടൻ” മട്ട്.

അവൻ:—

കണ്മണി, മമപൊന്മണി! മണി-
യുണ്മയിൽ പത്തരയായി.
കണ്മതില്ലപോൽ കാണാം ഹെഡിൻെറ-
യുഗ്രമുഖം ലെയ്ററൊന്നായെങ്കിൽ!
കോട്ടും നെക്ടയ്യും ട്രൌസറും ബൂട്ട്സും
കൂട്ടിക്കെട്ടിമിററിങ്കൽ
പാത്തു, ത്വപ്പനായ്സ്റ്റാർട്ടുചെയ്യേണ്ട
ബുദ്ധിമുട്ടിന്നില്ലെന്നായി.
ജുബ്ബയുമൊരു ദോത്തിയുംപിന്നെ
സഭ്യമായുള്ള വേഷ്ടിയും
(പ്രാസത്തിന്നൊരു വാക്കില്ല) പ്രീസൻ-
ഡ്രസ്സിന്നേതാപ്പീസെന്നാലും.
ഗാന്ധിക്കെപ്പൊന്നുവെച്ചെന്നാൽ കുറെ-
യന്തസ്സെന്നു ധരിക്കേണം.
ഗേററിൽവെച്ചതു കീശയിലാക്കാം,
കർച്ചീഫായുപയോഗിക്കാം.
പൌഡറില്ലിന്നു വാങ്ങുവാൻ, ഡിയർ!
കൌഡങ്ങ്ഭസ്മം താനുത്തമം.
തങ്കമേ, ഡ്രസ്സെന്തായാലുമഹം
നിൻ കാന്തനല്ലാതാകുമോ-
നിൻകലെന്നോടുണ്ടാകുമോ പ്രേമ-
തങ്കത്തിൽ പുഴക്കുത്തുകൾ?
ദോത്തിയൊന്നിങ്ങെടുക്കെന്നമ്മിണി!
ലെയ്ററായിപ്പോകാനാകാതെ.
മുത്തേ! ചന്ദനക്കുട്ടേ!—യീവനി-
ങ്ങെത്തിയാൽ ബാക്കിപ്പേരുകൾ!

അവൾ:—

പണ്ടാരക്കാലൻ ചൊൽവതുകേട്ടാൽ
രണ്ടരമുളം ദോത്തികൾ
രണ്ടുനാലല്ല കെട്ടുകെട്ടായി-
ക്കൊണ്ടുവന്നെന്നു തോന്നിടും!
രണ്ടരക്കൊല്ലംമുമ്പ് ദോത്തികൾ
രണ്ടുമൂന്നെണ്ണം വാങ്ങിച്ചു.
ദോബിയിന്നലെ വന്നപ്പോൾ ചൊന്നു
ദോത്തിയൊന്നു പോയ്പ്പോയെന്ന്.
മററൊക്കെക്കീറിപ്പാളീസാകയാൽ
ചുററുവാനാകായെന്നായി.
സാരിരണ്ടെണ്ണം വാങ്ങിത്തന്നതോ
മാരണം, നാലുകൊല്ലമായ്.
ബ്ലൌസില്ലാതിരെ, വാറലവൻസു
മാസത്തിൽ വാങ്ങുന്നില്ലയോ?
പോകട്ടെ, യായതിലൊന്നതാ തോരെ-
യിട്ടതു ചുററിപ്പോയാലും.
ആകട്ടെ, വേഗത്തിലാകട്ടെ, ലെയ്ററായാ-
ലൊട്ടുമെന്നോടു പേശാതെ,

അമ്പി:—

ബ്ലാക്കുമാക്കററിൽ ദോത്തിവാങ്ങിക്കാൻ
തക്കമാനുഷനല്ല നീ.
യുഗ്മരാശിയിൽ ജാതംചെയ്കയാൽ
*ഭഗ്നപൂരുഷനായിടും.
സാരിയുമുടുത്താപ്പീസിൽ ചെന്നാൽ
ജാതകഫലമെത്തിടും.

* ഭഗ്നപൂരുഷൻ=പുരുഷനല്ലാത്തവൻ. അങ്ങിനെ ഒരർത്ഥമില്ലെങ്കിൽ കവി ആ അർത്ഥം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു.

വട്ടാമ്പൊയിൽ
ചാത്തുക്കുട്ടി വൈദ്യരുടെ
പ്രസിദ്ധമായ
A. V. OIL
രക്തദൂഷ്യത്തിന്നു അത്യുത്തമം.
K. V. KRISHNAN.
THE ANGLO INDIAN PHARMACY, CALICUT.

“യുദ്ധം—ഇന്ത്യൻയുവാക്കൾക്കൊരനുഗ്രഹം”

ഒ. എം. നമ്പ്യാർ

യുദ്ധം !!! എന്തൊരു ഭയങ്കരവിപത്ത്! ശ്രവണമാത്രയിൽ തന്നെ ആരും ഒന്ന് നടുങ്ങുന്നു. എത്രയോ യുദ്ധങ്ങളെപ്പററിയും അവകൊണ്ടുണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങളെപ്പററിയും നാം ചരിത്രപുസ്തകങ്ങളിൽ വായിച്ചിട്ടുണ്ട്. എന്നാൽ ഇന്നത്തെ ലോകമഹായുദ്ധം ഇതിന്ന് മുമ്പ് നടന്ന ഏതൊരു യുദ്ധത്തെക്കാളും അതിഭയങ്കരമായ ഒന്നാണെന്ന്, കഴിഞ്ഞ അഞ്ചാറുകൊല്ലത്തെ സംഭവങ്ങൾ വെളിവാക്കിട്ടുണ്ട്. മററു രാഷ്ട്രങ്ങളെ അപേക്ഷിച്ച്, ഇന്ത്യൻ ജനതക്ക് യുദ്ധം നിമിത്തം അനുഭവിക്കേണ്ടിവന്നിട്ടുള്ള കഷ്ടങ്ങൾ എത്രയോ തുച്ഛമാണെന്ന് സമ്മതിച്ചേ തീരൂ; നാം അനുഭവിക്കുന്ന ഗുണങ്ങളോ സീമാതീതവും.

“ഒരു കൈ പ്രഹരിക്കവേ പിടി-
ച്ചൊരുകൈകൊണ്ടു തലോടുമേശിവൻ.”

ഇതു പ്രകൃതിനിയമമാണ്. ഈ നിയമത്തെ അടിസ്ഥാനമാക്കി യുദ്ധത്തെപ്പററി നാം വിചിന്തനം ചെയ്യുകയാണെങ്കിൽ, ഇതരപ്രശ്നങ്ങളെപ്പോലെ, യുദ്ധത്തിനും രണ്ടുവശമുണ്ടെന്നും, ഒരുവശം കഷ്ടഭൂയിഷ്ഠമാണെങ്കിൽ മറുവശം സുഖസമ്പൂർണ്ണമാണെന്നും നമുക്ക് ബോദ്ധ്യപ്പെടും. ഇതുകൊണ്ട് കരിഞ്ചന്തക്കാർ, അമിതാദായക്കാർ മുതലായ തക്കംനോക്കികളെയല്ല വിവക്ഷിക്കുന്നത്; ധൈര്യസമേതം മുന്നോട്ടുവന്ന് രാജ്യരക്ഷാസർവ്വീസുകളിൽ ചേർന്ന് രാജ്യസേവനം ചെയ്തുകൊണ്ട്, പണവും പദവിയും നേടിട്ടുള്ള യുവതിയുവാക്കന്മാരെയാണ് ഉദ്ദേശിക്കുന്നത്.

1929 മുതൽ 1939 വരെയുള്ള ഒരു ദശാബ്ദഘട്ടത്തിൽ ലോകമൊട്ടുക്കും സാമ്പത്തികാധഃപതനം സംഭവിച്ചിരുന്ന കാലത്ത് ഇന്ത്യക്കാർ അനുഭവിക്കേണ്ടിവന്നിരുന്ന കഷ്ടങ്ങൾക്കു കയ്യുംകണക്കുമുണ്ടായിരുന്നില്ല. തൊഴിലില്ലായ്മയും കൂടെപ്പിറപ്പായ ദാരിദ്ര്യവും നടമാടിയിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ “ഒഴിവില്ല” എന്ന മുന്നറിവുബോർഡു പല ദിക്കുകളിൽനിന്നും അനേകമാവൃത്തി വായിച്ചുനോക്കി, മുഖംതാഴ്ത്തിപ്പോരേണ്ടിവന്നിട്ടുണ്ടെന്ന് പറയുന്നത് വാസ്തവത്തിൽനിന്ന് അണുപോലും അകന്നതല്ല. സർവ്വകലാശാലാ ബിരുദധാരികൾ ബസ്സുകണ്ടക്ടറുടേയും പോലീസുകോൺസ്റ്റബിളിൻേറയും പ്രവൃത്തിക്കുവേണ്ടി വളരെയധികം ക്ലേശിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഇന്ന് ആ സ്ഥിതിക്ക് ഒരറുതി വന്നുകഴിഞ്ഞു എന്നത് യുദ്ധംകൊണ്ടുണ്ടായിട്ടുള്ള വലിയൊരു നേട്ടമാണ്. എത്രയോ അധികം യുവാക്കന്മാർക്ക് രാജ്യരക്ഷാസർവ്വീസുകളിൽ ചേരുവാനുള്ള സൗകര്യമുണ്ടായിരുന്നതിനാൽ, പട്ടണങ്ങളിൽനിന്നും ഉൾനാട്ടുകളിൽനിന്നും, വിദ്യാസമ്പന്നന്മാരും ശൂന്യന്മാരും അഹമഹമികയാ രാജ്യസേവനത്തിന്നു കാപ്പുകെട്ടി. ഉടനടി തൊഴിലില്ലായ്മ നാട്ടിൽനിന്നും പമ്പകടന്നുപോയി. തൽഫലമായി പട്ടണങ്ങളിലും, ഉൾനാട്ടുകളിലും പണം വിസ്മയാവഹമാംവണ്ണം വർദ്ധിക്കുവാനും തുടങ്ങി. അതോടുകൂടി ദാരിദ്ര്യവും മിക്കവാറും ശമിച്ചുവെന്നു തന്നെ പറയാം.

ഇന്നത്തെ യുദ്ധത്തിനുമുമ്പായി, നമ്മുടെ രാജ്യത്ത് വ്യവസായവിദ്യാഭ്യാസത്തിന്നോ, വ്യവസായങ്ങൾക്കുതന്നെയോ, സൗകര്യങ്ങൾ തുലോം പരിമിതങ്ങളായിരുന്നു. അവനവൻെറ ജാത്യതൊഴിൽ നിന്ദ്യമാണെന്നും നികൃഷ്ടമാണെന്നും ഗണിച്ചിരുന്നവർ പോലും നമ്മുടെ നാട്ടിൽ ധാരാളമുണ്ടായിരുന്നു. ഇന്നാകട്ടെ തൊഴിൽ പഠനത്തിൻെറ ആവശ്യകത ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടുതുടങ്ങി. യുദ്ധകാലത്തും യുദ്ധാനന്തരകാലത്തും വ്യവസായത്തിന്നു രാജ്യക്ഷേമപദ്ധതിയിൽ സമുന്നതമായ ഒരു സ്ഥാനമുണ്ടെന്ന് യുവാക്കന്മാർക്കു മനസ്സിലായി. ഇന്നത്തെ ഹൈസ്കൂളുകളിൽനിന്നും, കോളേജുകളിൽനിന്നും നൽകിവരുന്ന വിദ്യാഭ്യാസമല്ല നമ്മുടെ ഭാവിജീവിതസമ്പാദനമാർഗ്ഗം; നേരേമറിച്ച് കാലദേശോചിതമായ തൊഴിലഭ്യാസമാണ് യുദ്ധാനന്തരകാലത്തേക്കുള്ള കാമധേനുവെന്ന് മനസ്സിലാക്കിയ യുവാക്കന്മാർ അ

ഭിമാനപൂർവ്വം സങ്കേതിക പരിശീലനത്തിന്നു വന്നു തുടങ്ങി. രാജകീയനാവികപ്പടയിലോ, കരസൈന്യത്തിലോ, ഇന്ത്യൻ വ്യോമയാനസർവ്വീസ്സിലോ, ഏതിലായാലും അവനവന്നിഷ്ടമുള്ള തൊഴിലിൽ ഇന്നവർക്കു പരിശീലനം ലഭിച്ചുവരുന്നു. ഇത്തരം തൊഴിൽപഠനത്തിന്നു വേണ്ടത്ര സൌകര്യം ലഭിച്ചിട്ടുണ്ടെന്നതാണ് യുദ്ധംകൊണ്ടു നമുക്കുണ്ടായിട്ടുള്ള മറെറാരു നേട്ടം.

പരിഷ്കാരത്തോടൊപ്പം മനുഷ്യന്റെ ആവശ്യങ്ങളും വർദ്ധിച്ചുവരുന്നുണ്ടെന്നതു് അനുഭവവിദിതവുമായ വാസ്തവമാണ്. ആവശ്യം അധികമാവുന്നതോടുകൂടി അതുവരെ ഉപയോഗശൂന്യങ്ങളായി കരുതപ്പെട്ടിരുന്ന പലപദാർത്ഥങ്ങളും ഉപയോഗപ്രദങ്ങളായിത്തീരുന്നതും ഒട്ടും അസാധാരണമല്ല. അതുപോലെ ദൈനംദിനമെന്നോണം ശാസ്ത്രങ്ങളും കണ്ടുപിടുത്തങ്ങളും വർദ്ധിച്ചുവരികയും അവ രാജ്യപുരോഗതിക്കു് നിദാനങ്ങളായിത്തീരുകയുംചെയ്യുന്നുണ്ട്. വ്യവസായലോകത്തിൽ പെട്ടെന്നു പെട്ടെന്നുണ്ടാകുന്ന താദൃശപരിണാമങ്ങൾ പല രാജ്യങ്ങളുടെയും സാമ്പത്തിക ചരിത്രത്തിൽ പുതിയ അദ്ധ്യായങ്ങൾ തുറന്നിട്ടുണ്ട്. എന്നാൽ അത്തരം വിജ്ഞാനങ്ങളെ രാജ്യക്ഷേമോപകരണമാക്കേണമെങ്കിൽ വിദഗ്ദ്ധന്മാർ കൂടിയേ കഴിയൂ എന്നതും സുവിദിതമത്രെ. അടുത്ത കാലംവരെയുള്ള ഇന്ത്യയുടെ സ്ഥിതി ആലോചിക്കുന്നതായാൽ അതു ഏററവും പരിതാപകരംതന്നെയായിരുന്നു എന്നു മനസ്സിലാകും. ഏതുതരത്തിലുള്ള വ്യവസായമായാലും വേണ്ടതില്ല, അതു പരിക്ഷിക്കണമെങ്കിലോ, ആരംഭിക്കണമെങ്കിലോ, ഇംഗ്ലാണ്ട്, ജർമ്മനി, അമേരിക്ക മുതലായ രാജ്യങ്ങളിൽനിന്നു വ്യവസായവിദഗ്ദ്ധന്മാരെ വരുത്താതെ നിവൃത്തിയുണ്ടായിരുന്നില്ല. വിദഗ്ദ്ധന്മാരുടെ അഭാവമായിരുന്നു നമ്മുടെ വ്യവസായവളർച്ചക്കു വിലങ്ങടിച്ചു നിന്നിരുന്ന ഒരു പ്രധാന സംഗതി. എന്നാൽ ഇന്നത്തെ യുദ്ധമാകട്ടെ വ്യവസായവിദഗ്ദ്ധന്മാരെ ധാരാളം സൃഷ്ടിച്ചുവിടുന്നതുകൊണ്ടു ഭാവിയിൽ അത്തരക്കാരുടെ അഭാവംകൊണ്ടുണ്ടാകുന്ന വിഷമതകൾ നമുക്കഭിമുഖീകരിക്കേണ്ടിവരികയില്ല, നിശ്ചയം.

ഒരു ചെറുപ്പക്കാരനെ യഥാർത്ഥ പൗരനാക്കിത്തീർക്കുവാൻ രാജ്യരക്ഷാസർവ്വീസുകൾക്കു സാധിക്കുംപോലെ മറെറതിനെങ്കിലും സാധിക്കുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരു പൗരന്നു ഉണ്ടായിരിക്കേണ്ട പല സൽഗുണങ്ങളിൽ ഏററവും പ്രധാനമായതു് അച്ചടക്കബോധമാണെന്നു് ആരും സമ്മതിക്കും. ദൌർഭാഗ്യവശാൽ നമ്മുടെ രാജ്യത്തു പൊതുജനങ്ങളിൽ ഈ ഗുണം നന്നേകുറവാണെന്നു സമ്മതിച്ചേ തീരൂ. അച്ചടക്കബോധമില്ലാതെ, നാട്ടിന്നും വീട്ടിന്നും കൊള്ളരുതാത്തവരായിരുന്ന എത്രയോ ചെറുപ്പക്കാർ രാജ്യരക്ഷാസർവ്വീസ്സുകളിൽ ചേർന്നതിന്റെ ഫലമായി അച്ചടക്കബോധമുള്ളവരായിത്തീർന്നിട്ടുള്ളതു പൊതുവിൽ നിശ്ചയമുള്ള ഒരു പരമാർത്ഥമാണ്. അച്ചടക്കബോധം, കൃത്യനിഷ്ഠ എന്നിത്യാദി സൽഗുണങ്ങൾ നമ്മുടെ ചെറുപ്പക്കാരിൽ ഉളവാക്കുവാൻ യുദ്ധം സഹായിച്ചിട്ടുണ്ടെന്നു പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല.

രാഷ്ട്രീയസ്ഥിതിയെപ്പററി വിചിന്തനംചെയ്യുകയാണെങ്കിലും വ്യാവസായികവും സാമ്പത്തികവുമായ ഉന്നമനമാണ് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്നു നിദാനമായി നില്ക്കുന്നതെന്നു മനസ്സിലാകും. "ജയത്തിൽക്കൂടി സ്വാതന്ത്ര്യത്തിലേക്കു" എന്ന മുദ്രാവാക്യത്തിൽ നാം തികച്ചും വിശ്വസിച്ചു പ്രവർത്തിക്കേണ്ടതാണ്.

അഭ്യസ്തവിദ്യരും ദേശാഭിമാനികളുമായ യുവതീയുവാക്കന്മാർ തങ്ങളുടെയും രാജ്യത്തിന്റെയും ഭാവിനന്മയെ മുൻനിർത്തി യുദ്ധംകൊണ്ടുളവായിട്ടുള്ള സാങ്കേതികവും സൈനികവുമായ കഴിവുകളെ തികച്ചും ഉപയോഗപ്പെടുത്തുന്നതായാൽ ഇന്ത്യയെ സംബന്ധിച്ചേടത്തോളമെങ്കിലും ഈ യുദ്ധം ഒരനുഗ്രഹമായിത്തീരുന്നതാണ്.

ട്രൂമാൻ—അമേരിക്കൻ പ്രസിഡണ്ട്

ക്ലാർക്ക്—കൃഷിക്കാരൻ—ചില്ലറക്കച്ചവടക്കാരൻ—ജഡ്ജ്—സെനററർ—
വൈസ്പ്രസിഡണ്ട്—പ്രസിഡണ്ട്

പ്രസിഡണ്ട റൂസ്‌വെൽററിന്റെ അപ്രതീക്ഷിതമായ നിര്യാണംമൂലം അമേരിക്കൻ പ്രസിഡണ്ട സ്ഥാനത്തേക്കു ഉയർത്തപ്പെട്ട സെനററർ ഹാരി ട്രൂമാൻ 1884 മിസ്സൌറിയിലാണ് ജനിച്ചതു്. അദ്ദേഹത്തിന്റെ വംശത്തെപ്പററി അദ്ദേഹംതന്നെ പറയുന്നതിപ്രകാരമാണ്:—'ഞങ്ങളിൽ എല്ലാം അല്പാല്പമായുണ്ട്. ഞങ്ങളുടെ കുടുംബവൃക്ഷം ഒന്നു പിടിച്ചു കുലുക്കിയാൽ അതിൽനിന്നും സ്കോച്ചും ഐറിഷും ഡച്ചും അംശങ്ങൾ നിപതിക്കുന്നതു കാണാം.'

ചില്ലറക്കച്ചവടക്കാരൻ

ട്രൂമാൻ ഒരു പട്ടാളജീവിതമാണ് വിഭാവനം ചെയ്തിരുന്നതു. പക്ഷെ കാഴ്ചക്കുറവുനിമിത്തം അതിനു സാധിച്ചില്ല. അദ്ദേഹം ഒരു ബാങ്കിലെ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. അവിടന്നു ഒരു ബുക്ക് കീപ്പർ ഉദ്യോഗത്തിലേക്കുയർന്നു. അതുപേക്ഷിച്ചിട്ട് അദ്ദേഹം തന്റെ പിതാവിന്റെവക സ്ഥലത്തു പത്തു വർഷം കൃഷിചെയ്തു. കഴിഞ്ഞ യുദ്ധത്തിൽ അദ്ദേഹം ഒരു ആർട്ടിലറി ക്യാപ്ററനായി ജോലിനോക്കി. യുദ്ധശേഷം കൻസാസ് നഗരത്തിൽ അദ്ദേഹം ചില്ലറ സാമാനങ്ങൾ വിൽക്കുന്ന ഒരു കടയിട്ടു. കട മുഴുവനും കടത്തിലായിരുന്നു നടന്നതു. കട തുടങ്ങി 14 വർഷം കഴിഞ്ഞശേഷവും അദ്ദേഹത്തിനു കടമൂലമുള്ള കടം വീട്ടിക്കൊണ്ടിരുന്നതേയുള്ളൂ.

പ്രിസൈഡിങ്ങ് ജഡ്ജി

അദ്ദേഹം തന്റെ കുട്ടിക്കാലത്തെ കളിത്തോഴിയായിരുന്ന ഒരു വനിതയെ വിവാഹംകഴിച്ചു. മേരി മാർഗരററ എന്ന ഒരു പുത്രിയും അദ്ദേഹത്തിനുണ്ട്. രാഷ്ട്രീയലോകത്തു വളരെ കുപ്രസിദ്ധനായിത്തീർന്ന പെൻഡർഗാസ്റ്റിന്റെ പ്രേരണയിലാണ് ട്രൂമാൻ രാഷ്ട്രീയരംഗത്തു പ്രവേശിച്ചതു. മിസ്സൌറിയിലേയും കൻസാസു നഗരത്തിലേയും ഒരു രാഷ്ട്രീയകക്ഷി നേതാവായിരുന്ന പെൻഡർഗാസ്റ്റ്. (അവസാനം കൈക്കൂലിവാങ്ങിയെന്ന കുററംചുമത്തി ഫെഡറൽ ഡിസ്ട്രിക്റ്റ് അററോർണി പെൻഡർഗാസ്റ്റിനെ ജയിലിലടക്കുകയുണ്ടായി.) പെൻഡർഗാസ്റ്റിന്റെ സഹായത്താൽ ട്രൂമാൻ ആദ്യം ഒരു കൌണ്ടി ജഡ്ജിയായും പിന്നെ ഒരു പ്രിസൈഡിങ്ങ് ജഡ്ജിയായും 1984 വരെ ജോലിനോക്കി. പ്രിസൈഡിങ്ങ് ജഡ്ജിയായി ജോലി നോക്കുമ്പോൾ അദ്ദേഹത്തിനു റോഡു സൂപ്പർവൈസർമാരുടെ മേൽനോട്ടം വഹിക്കേണ്ടതുണ്ടായിരുന്നു. പെൻഡർഗാസ്റ്റ് ഗ്രൂപ്പിലെ മററ അംഗങ്ങളാരും പ്രത്യക്ഷമാക്കാത്തവിധം സത്യസന്ധമായ നിലയിലാണ് ട്രൂമാൻ തന്റെ കർത്തവ്യം നിറവേററിയതു്. 1935-ൽ തനിക്കു വരുമാനമുള്ള ഒരു കലക്ടർ പദവി നേടിത്തരണമെന്ന് സെനററ്മെമ്പർ ട്രൂമാൻ പെൻഡർഗാസ്റ്റിനോടാവശ്യപ്പെട്ടു. അതിനു അയാൾ വേറെ കൈക്കൂലി വാങ്ങിക്കഴിഞ്ഞതിനാൽ സെനററർപദം ആയാലെന്തെന്നു ആലോചിച്ചു. അങ്ങനെ അദ്ദേഹം പെൻഡർഗാസ്റ്റിന്റെ സഹായത്താൽ സെനററർ ആയി. ആറു വർഷം സെനററർ ആയിരുന്നശേഷം ട്രൂമാൻ അടുത്ത തിരഞ്ഞെടുപ്പിന് പെൻഡർഗാസ്ററ ഗ്രൂപ്പിൽ പെടാതെ സ്വതന്ത്രമായി മത്സരിക്കുകയും വിജയിയാവുകയും ചെയ്തു. പെൻഡർഗാസ്ററ ഗ്രൂപ്പിന്റെ അഴിമതികളിൽ ഒരു പങ്കു ട്രൂമാനുണ്ടെന്നും മററും ഉണ്ടായ ആക്ഷേപത്തിൽനിന്നു അദ്ദേഹം ഒടുവിൽ മുക്തിനേടി. അനാവശ്യമായി ഗവർമ്മെൻറ പണം ചിലവഴിക്കുന്നതിനെതിരായുള്ള ഒരു പ്രസ്ഥാനത്തിൽ ട്രൂമാൻ സാരമായ ഒരു പങ്കു വഹിക്കുകയും അദ്ദേഹത്തെ ദേശീയപ്രതിരോധ സംരംഭങ്ങൾ പരിശോധിക്കാൻ സെനററിൽനിന്നും ഏർപ്പെടുത്തിയ കമ്മിററിയുടെ ചെയർമാനായി നിയമിക്കുകയും ചെയ്തു. കമ്മിററിയുടെ പ്രവർത്തനഫലമായി കൺട്രാക്റ്റിനത്തിലും മററും അമേരിക്കയ്ക്കു ചിലവായിക്കൊണ്ടിരുന്ന ഒരു ഭീമമായ തുക ലാഭപ്പെടുകയുണ്ടായി.

വൈസ്പ്രസിഡണ്ട്

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വൈസ്പ്രസിഡൻറ് സ്ഥാനത്തേക്കു തന്നെ ഡെമോക്രാററിക്സ്ഥാനാർത്ഥിയായി തിരഞ്ഞെടുത്തിരിക്കുന്നു എന്നറിഞ്ഞപ്പോൾ ഏററവും കൂടുതൽ അത്ഭുതം ഉണ്ടായതു ട്രൂമാനു തന്നെയായിരുന്നു. ജെയിംസ് ബയൺസിനെ പ്രസ്തുത സ്ഥാനത്തേക്കു നിയോഗിക്കുന്നതിനാലോചിച്ചുകൊണ്ടാണ് അദ്ദേഹം ചിക്കാഗോ കൺവെൻഷനു പോയതു്. പ്രസിഡൻറ റൂസ്‌വെൽററ തന്നെയാണ് അദ്ദേഹത്തെ തിരഞ്ഞെടുത്തതെന്നു അദ്ദേഹത്തോടു പലപ്രാവ

ശ്യം പറഞ്ഞശേഷമേ അദ്ദേഹത്തിനു വിശ്വാസമായുള്ളൂ. പ്രസിഡൻറ് റൂസ്‌വെൽററിൻെറ വലംകൈയ് എന്നറിയപ്പെട്ടിരുന്ന, ഹെൻട്രി വാലസിനു പകരം അദ്ദേഹം, തന്നെ തിരഞ്ഞെടുക്കുമെന്നു വിശ്വസിക്കാൻ ട്രൂമാനു അത്ര വിഷമമായിരുന്നു. ഹെൻട്രി വാലസ് ഒരു മിതവാദി ആയിരുന്നതിനാൽ അദ്ദേഹത്തെപ്പററി തെക്കുള്ള ഡെമോക്രാററ്സിൻെറ ഇടയിൽ അസംതൃപ്തി ഉളവായിരുന്നു. പ്രസിഡൻറുസ്ഥാനത്തേക്കു അവരുടെ വോട്ടുകൾ അത്യാവശ്യമായിരുന്നതിനാലാണ് "രാഷ്ട്രീയമാന്ത്രിക"നായ റൂസ്‌വെൽററ് ട്രൂമാനെ തിരഞ്ഞെടുത്തത്.

പ്രസിഡെണ്ട്

ഒരു മഹാനാകുവാനുള്ള ലക്ഷണങ്ങൾ ഹെൻട്രി വാലസിൽ പ്രത്യക്ഷമായിരുന്നതു ട്രൂമാനിൽ തീരെ കാണ്മാനില്ല. അദ്ദേഹത്തിനു ജനങ്ങളുടെ ഹൃദയം കവർന്നെടുക്കത്തക്ക ഒരു വ്യക്തിമാഹാത്മ്യവുമില്ല. ഒരു വലിയ പ്രസംഗകനല്ല. കോളേജ് വിദ്യാഭ്യാസം സിദ്ധിച്ചിട്ടുമില്ല. പക്ഷേ അദ്ദേഹം സെനറർമാരിൽ ഏററവും കൂടുതൽ അറിവു സമ്പാദിച്ചിട്ടുള്ള ആളാണ്. "ഒരു നല്ല അമേരിക്കൻ പൌരൻ" എന്നതിൽ കവിഞ്ഞു് എടുത്തുപറയത്തക്കതായി അദ്ദേഹത്തിൻെറ സ്വഭാവത്തിലൊ, രാഷ്ട്രീയജീവിതചരിത്രത്തിലോ ഒന്നുംതന്നെയില്ല. അദ്ദേഹം ഒരു 'വലിയ പ്രസിഡെൻറ" ആയിത്തീരുമെന്നു പറയാൻ നിവൃത്തിയില്ല. പക്ഷേ അദ്ദേഹത്തിൻെറ വിനയവും ലളിതരീതിയും സത്യസന്ധതയും ഉററ പെരുമാററവും അദ്ദേഹത്തിൻെറ പ്രസിഡെൻറുപദവിയെ ഒരു വലിയ വിജയമാക്കിയില്ലെങ്കിലും ഒരു പരാജയമാക്കാതെ സൂക്ഷിച്ചുകൊള്ളും. [മ. രാ.]

മാണ്ടലെ കഴിഞ്ഞു! അവിടന്നു ഒരു 100 നാഴിക തെക്കു് യുദ്ധം നടന്നുകൊണ്ടിരിക്കുന്നു!

എന്നാൽ വേഗത്തിൽ മുന്നോട്ടു പോകുന്തോറും അവർക്കു സുഖസൌകര്യങ്ങൾ കൂടുതൽ കൂടുതൽ ആവശ്യമാണ്.

"സൈന്യങ്ങളുടെ സുഖസൗകര്യത്തിനായിക്കൊണ്ടു" എന്നു അടയാളപ്പെടുത്തി

ഗവർണ്ണരുടെ യുദ്ധഫണ്ടിലേക്കു ദ്രവ്യസഹായം ചെയ്തു് നമ്മുടെ ആളുകളുടെ വിജയത്തെപ്പററി

★ നാട്ടുകാരിൽ ബോധമുണ്ടാക്കുക. ★

ബാലപംക്തി

ദീനാനുകമ്പ

(തൂലിക)

പ്രിയപ്പെട്ട കുട്ടികളെ !

പല ദേശങ്ങളിലും കാലങ്ങളിലും ഉണ്ടായിരുന്ന ആളുകളെസംബന്ധിച്ച കഥകൾ മി: ശർമ്മ നിങ്ങളെ ഗ്രഹിപ്പിച്ചിട്ടുണ്ട്. ഇസ്ലാംചരിത്രത്തിലെ സുവർണ്ണകാലത്തെ ചില സംഭവങ്ങളാണ് ഇപ്രാവശ്യം 'തൂലിക' നിങ്ങളോടു പറയാൻ വിചാരിക്കുന്നത്. നിങ്ങളുടെ മൃദുലഹൃദയങ്ങളെ സ്പർശിക്കാൻ അവയ്ക്കു സാധിച്ചെങ്കിൽ 'തൂലിക' കൃതകൃത്യനായി.

മത്സരബുദ്ധി ചില കാര്യങ്ങളിൽ ഹീനമാണെങ്കിൽ ചിലേടത്തു അത്യാവശ്യവുമാണ്. അത്യാവശ്യവും മഹത്തുമായിത്തീരുന്ന ഒരു കഥ നിങ്ങൾ കേട്ടുകൊണ്ടാലും!

മുഹമ്മദുനബിയെപ്പറ്റി കേട്ടിട്ടില്ലാത്തവർ നിങ്ങളിൽ ആരുംതന്നെ ഉണ്ടാകുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ ഖലീഫമാരായ അബൂബക്കർ, ഉമർ എന്നിവരെപ്പറ്റിയും. സൽക്കർമ്മങ്ങളിൽ അവരിരുവരും മത്സരികളായിരുന്നു.

മദീനയിലെ പ്രവാസകാലമാണ്. ഇസ്ലാംമതത്തിന്റെ തലസ്ഥാനം അതായിരുന്നുവല്ലോ. പട്ടണത്തിൽനിന്നു കുറച്ചു ദൂരത്തായി ആരുമേവരുമില്ലാത്ത ഒരു വൃദ്ധസ്ത്രീ പാർത്തിരുന്നു. അവരുടെ നിസ്സഹായതയ്ക്കു മകുടംചാർത്തുവാനെന്നു തോന്നുമാറു അവരൊരു കുരുടിയുമാണ്. പ്രസ്തുത സ്ത്രീയെപ്പറ്റി ഉമർ അറിയാനിടയായി. അവരെ സഹായിക്കേണ്ടതു തന്റെ കടമയാണെന്നു അദ്ദേഹത്തിന്നു തോന്നി. അടുത്തദിവസം കാലത്തു അദ്ദേഹം ആ സ്ത്രീയുടെ വീട്ടിലെത്തി. അവിടെ കണ്ട കാഴ്ച എന്താണ്! വീടു മുഴുവൻ അടിച്ചു വാരിയിട്ടുണ്ട്. സാമാനങ്ങൾ ഒരുക്കിവെച്ചിട്ടുണ്ട്. പാത്രങ്ങളിൽ വെള്ളം നിറച്ചിരിക്കുന്നു. പാകം ചെയ്ത ഭക്ഷണം ഒരിടത്തു സൂക്ഷിച്ചിരിക്കുന്നു.

ഉമറിന്റെ ആശ്ചര്യത്തിന്നു അതിരുണ്ടായില്ല. നിരാശതയോടെ സ്ത്രീയോടദ്ദേഹം വിടചോദിച്ചു: ഞാൻ നാളെ വരാം മാതാവെ! നിങ്ങൾക്കു വേണ്ടുന്ന ഒത്താശകൾ ചെയ്തുതരാൻ ഞാനാഗ്രഹിക്കുന്നു.

സ്ത്രീ അദ്ദേഹത്തിന്നു നന്ദിപറഞ്ഞു:—"പടച്ചവൻ മോനെ നന്നാക്കട്ടെ."

പിറ്റേന്നു കുറച്ചുകൂടി നേരത്തെ ഉമർ സ്ഥലത്തെത്തിച്ചേർന്നു. എന്നാൽ അന്നും നൈരാശ്യമാണ് അദ്ദേഹത്തിന്നു അനുഭവമായത്. തനിക്കു മുമ്പായി ആരോ ഒരാൾ അവിടെയെത്തി ആ കിഴവിക്കുവേണ്ട കൃത്യങ്ങളെല്ലാം നിർവ്വഹിച്ചിരിക്കുന്നു. ഉമർ ആശ്ചര്യചകിതനായി:—"മാതാവെ, ആരാണ് നിങ്ങൾക്കുവേണ്ടി ഈ നിത്യകൃത്യങ്ങളെല്ലാം ചെയ്യുന്നത്? അടിച്ചുവാരുന്നതും വെള്ളം ഭക്ഷണം മുതലായതു കൊണ്ടുതരുന്നതും."

"എനിക്കെങ്ങനെ പറയാൻകഴിയും മോനെ ? ഞാനൊരു കുരുടി. ആരാണു ഈ ഉപകാരം ചെയ്യുന്നതെന്നു അറിയാൻ പാടില്ല. ഞാൻ ഉണരുന്നതിന്നുമുമ്പായി അദ്ദേഹമിവിടെ എത്തുകയും എനിക്കുവേണ്ടി ഇതെല്ലാം ചെയ്യുകയും ചെയ്യുന്നു.

"ആരെ! ഇയ്യാളെ ഒന്നു കണ്ടുപിടിച്ചേ കഴിയൂ." ഉമർ തന്നെത്താനോതി "രാത്രി മുഴുവൻ ഉറക്കമിളക്കേണ്ടിവന്നാലും ശരി."

അടുത്ത ദിവസം പുലരുന്നതിന്നു എത്രയോമുമ്പ്, ഇരുട്ടായിരിക്കുമ്പോൾതന്നെ, ഉമർ കിഴവിയുടെ വീട്ടിൽ വന്നുചേർന്നു തന്നോടു മത്സരിക്കുന്ന ആ അജ്ഞാതമനുഷ്യനെ കാത്തുകൊണ്ടിരിപ്പായി. അതാ, ദൂരത്തുനിന്നു ഒരു മനുഷ്യസ്വരൂപം ക്ഷണംക്ഷണം ചുവടുവെച്ചു അടുത്തുവരുന്നു. "പിടികിട്ടിപ്പോയി" എന്നു മന്ത്രിച്ചു ഉമർ ജിജ്ഞാസയോടെ മുന്നോട്ടുചെന്നു. അടുത്തെത്തിയപ്പോൾ, തന്റെ പഴയ ചങ്ങാതിയാണെന്നു ഉമറിന്നു ബോദ്ധ്യമായി. അദ്ദേഹം സ്വഗതമമോതി:—"അബൂബക്കരേ! ഇതു അങ്ങയുടെ പണിയായിരിക്കുമെന്നു ഞാൻ ആദ്യമേ വിചാരിച്ചിരുന്നു." അനന്തരം പല ദിവസങ്ങളിൽ നടന്ന സംഭവത്തെക്കുറിച്ചു ഉമർ അബൂബക്കരോടു വിശദമായിപ്പറഞ്ഞു. അബൂബക്കർ 'ദൈവത്തിന്നു സ്തോത്രം' എന്നുമാത്രം പ്രതിവചിച്ചു.

അന്നത്തെ ജോലി അവരിരുവരുംകൂടി നിർവ്വഹിച്ചശേഷം നഗരത്തിലേക്കു മടങ്ങുകയുംചെയ്തു.

അബൂബക്കറും ഉമറും എല്ലാ തരത്തിലുള്ള സമസൃഷ്ടിസ്നേഹികളായിരുന്നെന്നും മനുഷ്യസേവനത്തിൽ എങ്ങനെ മത്സരം കാണിച്ചിരുന്നുവെന്നും ഈ സംഭവത്തിൽനിന്നു നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

അബൂബക്കറുടെ ഭരണകാലത്ത് നടന്നതും അദ്ദേഹത്തിന്റെ ഉദാരതയ്ക്കും മനുഷ്യസ്നേഹത്തിന്നും ദൃഷ്ടാന്തമായതുമായ ഒരു കഥകൂടി പറയാം.

മുൻ കഥയിൽ പറഞ്ഞ സ്ത്രീയെപ്പോലുള്ള മറ്റൊരു വൃദ്ധ മുസ്ലിംതലസ്ഥാനമായ മദീനായുടെ അയൽപ്രദേശത്തു പാർത്തിരുന്നു. അവരും അന്ധയാണ്. അതിനാൽ അബൂബക്കർ ദിവസേന അവരുടെ വീട്ടിൽ പോവുകയും അവർക്ക് ഭക്ഷണം നൽകുകയും ചെയ്തിരുന്നു. അവർക്ക് പല്ലുണ്ടായിരുന്നില്ല. ചവയ്ക്കുവാൻ സാധിച്ചിരുന്നില്ല. അതുകൊണ്ട് ചവയ്ക്കാതെ തിന്നാവുന്ന ഹൽവ, പായസം മുതലായ പദാർത്ഥങ്ങളാണ് അബൂബക്കർ കൊണ്ടുപോയി കൊടുത്തിരുന്നത്. ആരും അറിയാതെ ഈ ജോലി കൃത്യമായി നടന്നുകൊണ്ടിരുന്നു. ഒരു ദിവസം ഖലീഫ അവിടെ പതിവുസമയത്തു ചെന്നു കണ്ടില്ല. ആ കിഴവി വ്യസനാക്രാന്തയായി അയൽവക്കക്കാരോടു, 'ഖലീഫ മരിച്ചു, ഖലീഫ മരിച്ചു' എന്നു പറഞ്ഞു നിലവിളിക്കാൻ തുടങ്ങി. 'നിനക്കു ഭ്രാന്താണോ' എന്നു അവർ പ്രതിരോധിച്ചു. ഏറെത്താമസിക്കാതെ ഖലീഫ നിര്യാതനായ വർത്തമാനം ആ ദേശത്തു എത്തിച്ചേരുകയുണ്ടായി. എവിടെയും പോകുവാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിൽ കിടക്കുന്ന ആ വൃദ്ധസ്ത്രീ ഖലീഫയുടെ മരണവൃത്താന്തം എങ്ങനെ മുൻകൂട്ടി അറിഞ്ഞുവെന്നു എല്ലാവരും ആശ്ചര്യപ്പെട്ടു. അയൽവാസികൾ ഒന്നായി ആ വൃദ്ധയുടെ അടുക്കൽ ചെന്നു വിവരം ചോദിച്ചപ്പോൾ അവർ പറഞ്ഞു:—"ഖലീഫ എനിക്കു പതിവായി ഹൽവയും പായസവും കൊണ്ടുതരാറുണ്ടായിരുന്നു. ഒരു ദിവസമെങ്കിലും ഇതുവരെ മുടക്കം വരുത്തിയിട്ടില്ല. ഇന്നു അദ്ദേഹത്തെ കാണാതായപ്പോൾ അദ്ദേഹം മരിച്ചിരിക്കുമെന്നു ഞാൻ തീർച്ചപ്പെടുത്തിയതാണ്. അദ്ദേഹം ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ഇവിടെ വരാതിരിക്കയില്ലെന്നു എനിക്കറിയാമായിരുന്നു."

അബൂബക്കർ പ്രദർശിപ്പിച്ച ദീനാനുകമ്പയ്ക്കു മറ്റൊരുദാഹരണമാണിത്.

പ്രിയപ്പെട്ട ബാലികാബാലന്മാരെ! ഇമ്മാതിരി സമസൃഷ്ടിസ്നേഹവും ദീനദയാലുത്വവും നിങ്ങളിലുണ്ടോ എന്നു എല്ലാവരും തന്നത്താൻ പരിശോധിക്കുക! ഇല്ലെങ്കിൽ അതുണ്ടാക്കിത്തീർക്കാൻ പരിശ്രമിക്കുക! നിങ്ങൾക്കും ആ മഹാത്മാക്കളെപ്പോലെ സൽഗുണസമ്പന്നരാവാൻ മോഹമില്ലേ?

New
Taj Mahal Hotel
CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാർക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകര്യപ്രദം.

ടീപാർട്ടികളും ഏറെറടുത്ത് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദർശനത്തെയും പരീക്ഷണത്തെയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ടു പട്ടുതെരുവിൽ സ്റ്റേൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിന്റെ ഉടമസ്ഥനാൽ നടത്തപ്പെടുന്നത്.

കുറിപ്പുകൾ

ആയുധശക്തിയുടെ സഹായംകൊണ്ടു നാസിസത്തിന്റെ പ്രഭാവകിരണങ്ങൾ ലോകത്തിന്റെ നാലുപാടും ചിതറിക്കൊണ്ടിരുന്ന സ്വേച്ഛാധിപനായ ഹിററ്ലർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. അദ്ദേഹത്തിന്റെ ഭരണകൂടം സ്ഥിതിചെയ്തിരുന്ന ബർലിൻനഗരത്തിൽ ചുകപ്പുപതാക പാറിപ്പറക്കുന്നു. അദ്ദേഹത്തിന്റെ സമരപദ്ധതി അനുസരിച്ചു ദീർഘദൃഷ്ടിയോടുകൂടി പണിതുറപ്പിച്ചുവെച്ചിരുന്നതും അഭേദ്യമെന്നു വിചാരിക്കപ്പെട്ടിരുന്നതുമായ പശ്ചിമദുർഗ്ഗം സഖ്യസേനകൾ തവിട്ടുപൊടിയാക്കുകമാത്രമല്ല, അവിടെനിന്നു അവർ കിഴക്കോട്ടു കുതിച്ചുകയറി ജർമ്മനിയുടെ ഹൃദയത്തെ ദാരുണമായരീതിയിൽ തകർത്തുകൊണ്ടിരിക്കുന്നു. നാസിഭരണത്തിന്റെ ശക്തി മിക്കവാറും അപ്രത്യക്ഷമായിക്കഴിഞ്ഞുവെങ്കിലും, അതിന്റെ ക്രൂരമായ ദംഷ്ട്രങ്ങൾക്ക് വിധേയമായ ലോകത്തിന്റെ രോദനം ഇതേവരെ നിലച്ചിട്ടില്ല. സഖ്യരാഷ്ട്രങ്ങളുടെ വിജയം നിശ്ചയമെങ്കിലും, വിനാശത്തിൽ പതിഞ്ഞുകിടക്കുന്ന ലോകത്തിന്റെ പുനഃസ്സംവിധാനം പ്രയാസമേറിയതാണ്.

അബിസീനിയ മുതലായ പുരാതന രാജ്യങ്ങളെ അധീനമാക്കി മർദ്ദനശക്തികൊണ്ടു പഴയ റോമാസാമ്രാജ്യത്തിന്റെ പ്രാഭവവും ശക്തിയും പ്രശസ്തിയും വീണ്ടെടുക്കുന്നതിനുവേണ്ടി അവിശ്രമപരിശ്രമം ചെയ്തുകൊണ്ടിരുന്ന മുസ്സോലിനിയെ ഇററാലിയൻ ദേശാഭിമാനികൾ വെടിവെച്ചുകൊന്നു. ലോകത്തിനു ഇതൊരു പാഠമായിരിക്കട്ടെ എന്നു കരുതി ആ കഠോരഹൃദയന്റെ മൃതശരീരം അവർ തൂക്കിയിട്ടു. സമരമർദ്ദനത്താൽ ദോഹനം ചെയ്തുകൊണ്ടിരുന്ന ഇററലിയും, ഹതനായ സ്വേച്ഛാധിപന്റെ ആക്രമണത്തിനു വിധേയമായ രാജ്യങ്ങളും ആശ്വാസം പൂകിയിരിക്കുന്നു.

സ്വേച്ഛാധിപന്മാരുടെ മരണം എല്ലാ രാജ്യങ്ങൾക്കും അതുല്യമായ സന്തോഷം നൽകിയിട്ടുണ്ടു. എന്നാൽ വിജയശ്രീലാളിതരായ സഖ്യരാഷ്ട്രനേതാക്കൾ ഇനിയുണ്ടാകുന്ന പ്രശ്നങ്ങളെ ഏതുവിധം അഭിമുഖീകരിക്കുമെന്നുള്ളതിനെ ആശ്രയിച്ചാണ ഭാവിസമാധാനം സ്ഥിതിചെയ്യുന്നതു. 'വെഴ്സെയിൽ ഉടമ്പടി'യുടെ അനന്തരഫലമാണ സ്വേച്ഛാധിപനായ 'ഹിററ്ലർ' എന്നു ചർച്ചിൽ ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. പരാജയപ്പെടുന്ന രാജ്യങ്ങളുടെ മേൽ മർദ്ദനപരമായ വ്യവസ്ഥകൾ കെട്ടിവെക്കുന്നിടത്തോളം കാലം, ലോകത്തിലെ ഏതെങ്കിലും രാഷ്ട്രം അന്യായമായ രീതിയിൽ അവശത അനുഭവിച്ചുകൊണ്ടിരിക്കുന്നപക്ഷം ലോകസമാധാനം എന്നും ആകാശകുസുമമായി പരിണമിക്കുകയേ ഉള്ളു. പരാധീനതയുടെ കാഠിന്യത്താൽ നിരന്തരം യാതനകളനുഭവിച്ചുകൊണ്ടിരിക്കുന്ന ഭാരതത്തിന്റെ മുറവിളി സാൻഫ്രാൻസിസ്കോ സമ്മേളനമണ്ഡപത്തിന്റെ ഭിത്തികളിലും ഇതാ മാറെറാലിക്കൊള്ളുന്നു. റഷ്യൻ പ്രതിനിധിയായ മൊളൊട്ടോവു ഭാരതഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിവാദിക്കുന്നു. ഇന്ത്യയെപ്പോലെ ആയുധബലമില്ലാത്ത ഒരു അടിമരാജ്യം സ്വാതന്ത്ര്യം പൂകുകയാണെങ്കിൽ, അതു മററുള്ള അവശരാജ്യങ്ങൾക്കു ആശയുടെ പൊൻകതിർ വീശിക്കുമെന്നുള്ളതിനു സംശയമില്ല. പ്രസിഡണ്ട് റൂസ്‌വെൽററിന്റെ അപ്രതീക്ഷിതമായ മരണം ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങൾക്ക് ഒരു മഹാ നഷ്ടമായിത്തീർന്നിരിക്കുന്നു. അമേരിക്കൻ ഐക്യരാജ്യങ്ങളെക്കൂടെ ത്ത പന്ത്രണ്ടു വർഷക്കാലം ഊർജ്ജസ്വലതയോടുകൂടി ഭരിച്ചു സംവർദ്ധകമായ രീതിയിൽ നയിച്ചു രാഷ്ട്രീയകാര്യങ്ങളിൽ പരിചയവും വൈദഗ്ദ്ധ്യവുംനേടിയ റൂസ്‌വെൽററ് സമാധാനാലോചനകൾക്കു മാർഗ്ഗനിർദ്ദേശം ചെയ്യുവാൻ ഏററവും പററിയ ആളായിരുന്നു. അസമത്വത്തെ നിർമ്മാർജ്ജനം ചെയ്യുവാൻ അദ്ദേഹം കാംക്ഷിച്ചിരുന്നു. ശാശ്വതമായ രാഷ്ട്രീയസമാധാനം നടപ്പിൽവരുത്തണമെന്നു ആ കർമ്മധീരൻ അഭിലഷിച്ചിരുന്നു. സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽ വായിക്കുവാൻ അദ്ദേഹം ഒരു പ്രസംഗം തയ്യാറാക്കിയിരുന്നു. അതിലെ ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു. "ശത്രുക്കളെ അധീനപ്പെടുത്തിയതുകൊണ്ടു മാത്രം യാതൊരു കാര്യസാദ്ധ്യവുമില്ല. സംശയം, ഭയം, അജ്ഞത, അത്യാഗ്രഹം എന്നീ ഘടകങ്ങളാണ് ഇപ്പോഴത്തെ ഭയങ്കരതയ്ക്കു കാരണം. നമ്മുടെ സർവ്വശക്തിയുമുപയോഗിച്ചു പ്രസ്തുത ഘടകങ്ങളെ നാം നശിപ്പിക്കണം."

രാഷ്ട്രീയമായ സ്വാതന്ത്ര്യം സാമ്പത്തികമായ തത്വങ്ങളെ അടിസ്ഥാനമാക്കി സ്ഥാപിക്കേണ്ടതു് എല്ലാ രാജ്യങ്ങളുടെയും സുരക്ഷിതാവസ്ഥയ്ക്കു് അത്യന്താപേക്ഷിതമാണ്. അമേരിക്ക സാമ്പത്തികമായ അധഃപതനം അനുഭവിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് റൂസ്‌വെൽററ് പ്രസിഡണ്ട്സ്ഥാനം ഏറെറടുത്തതു്. അദ്ദേഹം നിർദ്ദേശിച്ച "ന്യൂഡീൽ" അമേരിക്കയുടെ സാമ്പത്തിക പ്രശ്നത്തിനു പരിഹാരമുണ്ടാക്കി. "ടെന്നസിവാലി അതോറിററി" മുതലായ നവീനപദ്ധ

തികം സമേരിക്കയെ ഐശ്വര്യ സംപുഷ്ടയാക്കിത്തീള്ളു. അമേരിക്കയിൽ ക്രമീകൃതമായ ഭരണവും സമാധാനവും അടിക്കടി വളർന്നുവന്നു. അങ്ങനെ ഒരു മഹാരാഷ്ട്രത്തെ ഉന്നതമായ നിലയിലേക്ക് നയിക്കുവാൻ തക്കവണ്ണം ശേഷിയും ദീർഘദൃഷ്ടിയുമുള്ള രാഷ്ട്രതന്ത്രജ്ഞൻ, ഉത്തരദക്ഷിണയുദ്ധങ്ങൾപോലെ വിഷമസ്ഥാനങ്ങളിൽ സ്ഥിതിചെയ്ത സ്റ്റാലിനെയും ചർച്ചിലിനെയും മൈത്രിയിൽ ബന്ധിച്ച കർമ്മധീരൻ ലോകസമാധാനത്തിന് മാർഗ്ഗനിർദ്ദേശം ചെയ്യുവാൻ ഏററവും അർഹനായിരുന്നു. അദ്ദേഹം മരിച്ചുപോയി എങ്കിലും വെഴ്സെയിൽസ് ഉടമ്പടി ആവർത്തിക്കപ്പെടാതിരിക്കുവാനും, പഴയ സർവ്വരാജ്യസഖ്യത്തെപ്പോലെ അബലമായ ഒരു സംഘടന ഉണ്ടാകാതിരിക്കുവാനും സഖ്യരാഷ്ട്രങ്ങൾ, പ്രത്യേകിച്ചു അമേരിക്ക ശ്രദ്ധിക്കുമെന്നു ന്യായമായി ഊഹിക്കാവുന്നതാണ്.

നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

തനി സ്വദേശി മേത്തരം തീപ്പെട്ടികൾ

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ

കേരള മാച്ച് ഫാക്ടറി, പൊന്നാനി, S. മലബാർ.

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടക്കൽ

ശാഖകൾ:— കോഴിക്കോട് & പാലക്കാട്.

സുമാർ നാലു പന്തീരാണ്ടുകാലമായി വൈദ്യരത്നം പി. എസ്സ്. വാരിയരവർകൾ "ആയുർവ്വേദ"ത്തിന്റെ അഥവാ "ആര്യവൈദ്യ"ത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരേണയും അത്യന്തപരിശ്രമം ചെയ്തുകൊണ്ടിരുന്നതിന്റെ ഏറ്റവും വിജയകരമായ ഫലമാണ് "സാക്ഷാൽ ആര്യവൈദ്യശാല."

ശാസ്ത്രവിധിയിൽനിന്നു അണുപോലും വ്യതിചലിക്കാതെ പാകം ചെയ്യപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ താരതമ്യേന മിതമായ വിലക്ക് ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും. രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കേണ്ടതിലേക്ക് വിദഗ്ദ്ധന്മാരായ വൈദ്യന്മാർ കോട്ടക്കലും ബ്രാഞ്ചുകളിലും എല്ലായ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്. എന്നാൽ നവരക്കിഴി, തക്രധാര, പിഴിച്ചൽ മുതലായ പ്രധാനപ്പെട്ട ചികിത്സകൾക്കു കൂടുതൽ സൌകര്യം കോട്ടക്കൽതന്നെയാണ്. രോഗവിവരം വിശദമായി എഴുതിയറിയിച്ചാൽ യാതൊരു പ്രതിഫലവുംകൂടാതെ ചികിത്സാനിർദ്ദേശങ്ങൾ മടക്കത്തപ്പാലിൽത്തന്നെ അയച്ചുകൊടുക്കുന്നതാണ്. മരുന്നുകൾ വി. പി. യായും അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു മലയാളം, തമിഴ് ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഔഷധപ്പട്ടികകൾക്കാവശ്യപ്പെടുക. സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.

മാനേജർ.

മേഘച്ഛായ

ജി. ശങ്കരക്കുറുപ്പ്.

മേഘസന്ദേശത്തിന്റെ ശബ്ദാർത്ഥസൌകുമാര്യം കളിയാടുന്ന പുതിയ വിവർത്തനം. ഇതിന്റെ അവതാരികയിൽ ശ്രീമാൻ പി. ശങ്കരൻ നമ്പ്യാർ, എം. ഏ. എഴുതുന്നു: "വാസനാസംഗൃഹീതനും കവിധർമ്മമർമ്മജ്ഞനുമായ ഒരു കേരളീയ സഹൃദയവര്യന്റെ വിശദമനോമുകുരത്തിൽ നിഴലെടുത്തുയർന്നിട്ടുള്ള ഈ 'മേഘച്ഛായ'യെ അദ്ദേഹത്തിന്റെ പ്രതിഭയാകുന്ന മഴവില്ല് നെടുനീളം ഒളിവീശി അത്യാകർഷകമാക്കിയിരിക്കുന്നതു നോക്കുക! കവിസഹജമായ വിനയം നിമിത്തം മേഘാനുവാദം എന്നതിനു പകരം 'മേഘച്ഛായ' എന്നു ഇതിനു നാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മൂലത്തോടു ഏററവും യോജിച്ചു പോയിട്ടുള്ള ഒരു തർജ്ജമയാണിതെന്നു ഒത്തുനോക്കിയാൽ സ്പഷ്ടമാകുന്നതാണ്". പി. വി. കൃഷ്ണൻ നായർ, B. O. L, അവർകളുടെ വ്യാഖ്യാനത്തോടുകൂടി —

വില ഒരു ഉറുപ്പിക മാത്രം.

THE DECCAN PUBLISHING HOUSE,
HUZUR ROAD, CALICUT.

STEEL SAFES

AND

Strong Rooms Specialities



RENOWNED QUALITY AND WORKMANSHIP TO ANY SPECIFICATIONS.

PRICES MODERATE

THE COMMONWEALTH TRUST, LTD.,

CALICUT, MALABAR.